# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ലക്കം മെയ് 2023 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



ദൈവവചനം കേൾക്കുകയും
അതു പ്രാവർത്തികമാക്കുകയും ചെയ്യുന്നവർ
ഭാഗ്യവാന്മാരാകുന്നുവെന്ന്
സ്വജീവിതത്തിലൂടെ കാട്ടിത്തന്ന പരിശുദ്ധ കന്യകാമറിയമേ,
ആഴമേറിയ വിശ്വാസത്തോടെ
മിശിഹായോട്ഐക്യപ്പെട്ടു
ജീവിക്കുവാനുള്ള
പരിശുദ്ധാത്മശക്തി ലഭിക്കുന്നതിന്
നീ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 41 ശ്ലീഹാ ലക്കം മെയ് 2023**


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- വിളിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരും 5
- സ്നേഹത്തെ വിളിക്കൂ 8
- നമ്മുടെ പൊതുഭവനത്തിന് എന്തു സംഭവിക്കുന്നു? 11
- റൂഹായുടെ ശക്തിയാൽ 13
- നിന്റെ ജീവിതം ഒരു സാക്ഷ്യമോ? 14
- അബ്സലോം 16
- വിധി 19
- സെനക്കിൾ തരംഗം 21
- വിദ്യാഭ്യാസംമാത്രം മതിയോ? 23
- ജീവിക്കുന്ന വിശ്വാസം 24
- ശ്ലീഹാക്കാലം 26
- ട്രാക്ക് തെറ്റി ഓടിയാൽ 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# ഭയം വേണ്ട

നന്മയുടെ കണികകൾ വറ്റിയിട്ടില്ലാത്ത നമ്മുടെ സമൂഹത്തിൽ നിസ്വാർത്ഥമായ സ്നേഹത്തിന്റെയും ആത്മാർത്ഥമായ സഹകരണത്തിന്റെയും സ്വയം മറന്നുള്ള പരസഹായങ്ങളുടെയുമൊക്കെ ചിത്രങ്ങൾ ഇപ്പോഴും ഒപ്പിയെടുക്കാൻ സാധിക്കും. എന്നാൽ നന്മയുടെ ചിത്രങ്ങളെ മറയ്ക്കുംവിധം ഉയർന്നുവരുന്ന മറ്റു ചില ഭീകരചിത്രങ്ങളുണ്ട്. യുവതയെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന വിവിധയിനം മയക്കുമരുന്നുകളും അവയുടെ ഫലമായി കുടുംബത്തിലും സമൂഹത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന അരുതായ്മകളും സ്വാർത്ഥതാല്പര്യത്തിനുവേണ്ടിയുള്ള അധികാരദുർവിനിയോഗങ്ങളും ഒളിഞ്ഞും തെളിഞ്ഞും വർദ്ധിച്ചുവരുന്ന മതതീവ്രവാദങ്ങളുമെല്ലാം നാടിന്റെമുഴുവൻ അടിത്തറയിളക്കുവാൻ ശ്രമിക്കുന്ന കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത്.

ക്രിസ്തീയസമൂഹമെന്ന നിലയിൽ ഭാവാത്മകമായി ഇവയോട് നാം പ്രതികരിക്കേണ്ടത് ആദിമസഭാസമൂഹത്തിന്റെ ജീവിതം നയിച്ചുകൊണ്ടാണ്. ഭയം ജനിപ്പിക്കുന്ന സാമൂഹികചുറ്റുപാടുകളിൽ നമുക്കു കരുത്താകേണ്ടത് 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' (യോഹ 14,18) എന്ന ഈശോയുടെ വാഗ്ദാനമാണ്: "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേയ്ക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരികയും ചെയ്യും" (യോഹ 14,16).

ഇത് ശ്ലീഹാക്കാലം.... ഈശോയുടെ വേർപാടിൽ യഹൂദരെ ഭയന്ന് പഴയജീവിതത്തിലേക്കു തിരികെപ്പോയ ശിഷ്യന്മാർ പരിശുദ്ധാത്മശക്തിയാൽ പുതിയ മനുഷ്യരായി മാറി, ജീവൻവെടിഞ്ഞും സുവിശേഷത്തിനു സാക്ഷ്യമേകിയതോർക്കുന്ന കാലഘട്ടം.... ഭയം ജനിപ്പിക്കുന്ന സാമൂഹിക ചുറ്റുപാടുകളിൽ നമുക്കും ആഴമേറിയ, ആത്മാർത്ഥമായ ആത്മീയതയിൽ വളർന്നുകൊണ്ട്, നല്ല ക്രിസ്തീയജീവിതം നയിച്ചുകൊണ്ട് തിന്മകളുടെ ശക്തികളെ ചെറുത്തുതോല്പിക്കാം. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ സമൂഹത്തിൽ പ്രതിഫലിപ്പിക്കുന്ന യഥാർത്ഥ വിശ്വാസികളായി ജീവിക്കാൻ അവിടന്ന് നമ്മെ സഹായിക്കട്ടെ.

ചീഫ് എഡിറ്റർ

**സെനക്കിൾ ആദ്ധ്യാത്മികത - 85**



# വിളിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരും


**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**മ**ർക്കോസിന്റെ സുവിശേഷം ശ്ലീഹന്മാരുടെ വിളിയും തിരഞ്ഞെടുപ്പും അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: “പിന്നെ, അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കുചെന്നു. തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു” (മർക്കോ 3,13-15). പിന്നീട് പന്ത്രണ്ടു ശ്ലീഹന്മാരുടെ പേരുകൾ എടുത്തുപറയുന്നു. സഭ പന്ത്രണ്ടു ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ട സമൂഹമാണ് (എഫേ 2,20). അതുകൊണ്ട് ശ്ലീഹന്മാരുടെ വിളിയും ദൗത്യവും, സഭയുടെ വിളിയും ദൗത്യവും സൂചിപ്പിക്കുന്നവയാണ്. ആരാധനക്രമത്തിലെ ശ്ലീഹാക്കാലം സഭയുടെ ശ്ലൈഹികസ്വഭാവത്തെ കൂടുതൽ മനസ്സിലാക്കുവാനും ജീവിക്കുവാനും നമ്മെ ആഹ്വാനം ചെയ്യുന്നു.

## സഭ: വിളിക്കപ്പെട്ടവരുടെ സമൂഹം

സഭ ദൈവത്താൽ വിളിക്കപ്പെട്ടവരുടെ സമൂഹമാണെന്ന് സഭയ്ക്കു ഗ്രീക്കുഭാഷയിലുള്ള ‘എക്ലേസിയാ’ എന്ന പേര് സൂചിപ്പിക്കുന്നു. വിളിക്കപ്പെട്ടവരുടെ സമൂഹമെന്നാണ് ആ വാക്കിന്റെ

അർത്ഥം. സഭയുടെ വിളിയുടെ സ്വഭാവം ഉദാഹരിക്കപ്പെടുന്നത് ശ്ലീഹന്മാരുടെ വിളിയിലൂടെയാണ്. 'തന്നോടുകൂടെ ആയിരിക്കാനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും' എന്നാണ് ശ്ലീഹന്മാരുടെ വിളിയെ വിശേഷിപ്പിക്കുന്നത്. 'തന്നോടുകൂടെ ആയിരിക്കുക' എന്നത് ശിഷ്യത്വത്തെ സൂചിപ്പിക്കുമ്പോൾ, 'പ്രസംഗിക്കാൻ അയയ്ക്കുക' എന്നത് ശ്ലൈഹികതയെ സൂചിപ്പിക്കുന്നു. അതായത്, സഭാസമൂഹം ഈശോയുടെ ശിഷ്യത്വത്തിലേക്കും ശ്ലൈഹികതയിലേക്കും വിളിക്കപ്പെട്ടവരുടെ സമൂഹമാണ്. ശിഷ്യത്വവും ശ്ലൈഹികതയും സഭയുടെ അടിസ്ഥാനപരമായ സ്വഭാവമായിരിക്കണം. അതുകൊണ്ട് സഭാംഗങ്ങളായിരിക്കുന്ന എല്ലാവരും ശിഷ്യത്വവും ശ്ലൈഹികതയും ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു.



## ശിഷ്യത്വത്തിലേക്കുള്ള വിളി

'ഈശോ മലമുകളിലേക്കു കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു'വെന്നും 'തന്നോടുകൂടെയായിരിക്കുന്നതിനും' എന്നും രേഖപ്പെടുത്തിയിരിക്കുന്നത് ശിഷ്യത്വത്തെ സൂചിപ്പിക്കുന്നവയാണ്. 'മല' ഈശോയുടെ പ്രാർത്ഥനയുടെ ഒരു വേദിയായിരുന്നു. ലൂക്കായുടെ സുവിശേഷത്തിൽ ഇത് വ്യക്തമായി പറയുന്നുണ്ട്: "ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കാനായി ഒരു മലയിലേക്കു പോയി. അവിടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് രാത്രിമുഴുവൻ

ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ അടുത്തുവിളിച്ച് അവരിൽനിന്നു പന്ത്രണ്ടുപേരെ തെരഞ്ഞെടുത്ത് അവർക്ക് ശ്ലീഹന്മാർ എന്നു പേരു നൽകി" (ലൂക്കാ 6,12-13). പ്രാർത്ഥനയിലൂടെ ദൈവഹിതം മനസ്സിലാക്കിയിട്ടാണ് തനിക്കിഷ്ടമുള്ളവരെ ഈശോ വിളിച്ചതെന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ശിഷ്യത്വത്തിലേക്കുള്ള വിളി ദൈവവിളിയാണ്. അത് ഈശോയോടുകൂടെ ആയിരിക്കുവാനാണ്. ഇന്നു നാം ഈശോയോടുകൂടി ആയിരിക്കുന്നത് സഭാത്മകമായ ജീവിതം നയിച്ചുകൊണ്ടാണ്. കാരണം, ഉത്ഥാനത്തിലൂടെ അരൂപിയായി മാറിയ ഈശോ ഇന്ന് സഭയിലാണ് ജീവിക്കുന്നത്. അതുകൊണ്ടാണ് സഭയെ 'മിശിഹായുടെ ശരീരം' എന്ന് പൗലോസ് ശ്ലീഹായും (1 കൊറി 12,13)'സാക്ഷാൽ മുന്തിരിച്ചെടി' എന്ന് യോഹന്നാൻ ശ്ലീഹായും (യോഹ 15,1) വിശേഷിപ്പിക്കുന്നത്.

### സഭ: അയയ്ക്കപ്പെട്ടവരുടെ സമൂഹം

ഉത്ഥിതനായ മിശിഹാ തന്റെ ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20,21). അതേത്തുടർന്ന് അവർക്ക് പരിശുദ്ധാത്മാവിനെ നല്കി പാപമോചനാധികാരവും നൽകുന്നു: "ഇതുപറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,22). ഇത് കുമ്പസാരമെന്ന കൂദാശയിൽ പരിമിതപ്പെടുത്തേണ്ട ഒരു പ്രസ്താവനയല്ല. ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെടുന്ന സഭയുടെ ദൗത്യത്തെ സൂചിപ്പിക്കുന്ന ഒരു പ്രസ്താവനയാണ്. ഈ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് ഈശോ (യോഹ 1,29). ഈശോയുടെ ഈ ദൗത്യം ലോകത്തിൽ തുടരുക എന്നതാണ് സഭയുടെ ദൗത്യം. സഭയിൽ ഈശോ തന്റെ അരൂപിയിലൂടെ വസിച്ചുകൊണ്ട് ഇന്ന് ഈ ദൗത്യം തുടരുന്നു. അതുകൊണ്ട് ലോകത്തിന്റെ പാപംനീക്കാൻ അയയ്ക്കപ്പെട്ടവരുടെ സമൂഹമാണ് സഭ.

### സഭ: വിശുദ്ധിയുടെ പ്രേഷിതസമൂഹം

ഈശോ തന്റെ പാപമോചക ദൗത്യം സഭയിൽ വസിച്ചുകൊണ്ട് നിർവ്വഹിക്കുന്നതുകൊണ്ട് സഭ വിശുദ്ധിയുടെ പ്രേഷിത സമൂഹമായിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ വിശുദ്ധീകരണത്തിന് സഭയുടെ വിശുദ്ധീകരണം നിർണ്ണായകമായിത്തീരുന്നു. ഇതേപ്പറ്റിയുള്ള അവബോധം സഭാംഗങ്ങൾക്കെല്ലാമുണ്ടാകണം. ലോകത്തിന്റെ പാപം നീക്കുന്ന ഒരു സമൂഹമായി വർത്തിക്കുവാൻ സഭയ്ക്കു കഴിയണമെങ്കിൽ സഭയുടെ അംഗങ്ങളെല്ലാവരും പാപമില്ലാത്ത ജീവിതം നയിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണം. വിശുദ്ധിയിലേക്കുള്ള വിളിയ്ക്ക് സഭയിൽ പ്രാമുഖ്യം നല്കപ്പെടണം. വിശുദ്ധരുടെ കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങളോരോരുത്തരും ശ്രദ്ധിക്കണം. വിശുദ്ധിയുടെ ഉറവിടങ്ങളായ വചനസ്വീകരണത്തിലും പരിശുദ്ധകുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതത്തിലും കൂട്ടായ്മയിലും പ്രാർത്ഥനയിലും സഭ താത്പര്യപൂർവ്വം പങ്കുചേരണം. സഭ ഭൂമിയിൽ പിറന്നുവീണത് അപ്രകാരമൊരു സമൂഹമായിട്ടായിരുന്നു (അപ്പ 2,42). സഭയുടെ ഈ അടിസ്ഥാനപരമായ സ്വഭാവം ഇന്നും എന്നും നിലനിർത്തപ്പെടണം. അപ്രകാരം ലോകത്തിന്റെ പാപം നീക്കുന്ന വിശുദ്ധിയുടെ പ്രേഷിതസമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങളെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു.

# സ്നേഹത്തെ വിളിക്കൂ!!!!

**മേഴ്സി വെട്ടിക്കുഴക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**പ**ണിയുടെ ഒച്ചപ്പാടും പ്രത്യക്ഷത്തിൽ ദൃശ്യമാകുന്ന പൊടിപടലവും ആ വീട്ടിലേക്ക് പ്രവേശിക്കുന്നതിന് തടസ്സം സൃഷ്ടിച്ചെങ്കിലും സ്വതസിദ്ധമായ പുഞ്ചിരിയോടെ വീടിന്റെ മുറ്റത്തേയ്ക്കു കടന്നുചെന്നു. വീടിന്റെ ഉള്ളിൽ പണിക്കാരുടെ ശബ്ദം മാത്രമേ കേൾക്കുന്നുണ്ടായിരുന്നുള്ളു. ഏതാനും നിമിഷം മുറ്റത്തുതന്നെ ഞങ്ങൾ നിലയുറപ്പിച്ചു. "വിശ്വാസസംബന്ധമായ കാര്യങ്ങളുമായിട്ടാണെങ്കിൽ ഇങ്ങോട്ട് വരണമെന്നില്ല, നിങ്ങൾക്കു പോകാം" എന്നുള്ള ശബ്ദം അകത്തുനിന്നും കേട്ടു. തെല്ലൊരു അമ്പരപ്പോടെ ഞങ്ങൾ അവിടെത്തന്നെ നിലയുറപ്പിച്ചു. മുറ്റത്തേയ്ക്ക് ഇറങ്ങിവന്ന കുടുംബനാഥയുടെ സ്നേഹത്തോടെയുള്ള പതുങ്ങിയ സ്വരം... 'എന്റെ സിസ്റ്റർമാരെ, എന്തു പറയാനാ! പുള്ളിക്കാരന് വൈദികരോടും സിസ്റ്റേഴ്സിനോടും ഒക്കെ ഇഷ്ടക്കേടാണ്. പള്ളിയിൽ പോകില്ല. വല്ലപ്പോഴും എന്റെ മകൻ എന്നെ പള്ളിയിൽ കൊണ്ടുപോയി വിടും. അവനും പള്ളിയിൽ കയറില്ല'.... ആ അമ്മയുടെ ഉള്ളിലെ വിങ്ങൽ ഒരു തേങ്ങലായതുപോലെ....

അപ്പോഴേയ്ക്കും, 'അകത്തേയ്ക്കു കയറിവരാം, നിങ്ങൾക്ക് ഇരിക്കാൻ സ്ഥലം ശരിയാക്കിയിട്ടുണ്ട്' എന്ന് മകൻ വീടിനുള്ളിൽനിന്നും വിളിച്ചുപറഞ്ഞു. 'പണി നടക്കുന്നതുകൊണ്ട് കുറച്ച് പൊടിയും മറ്റുമുണ്ട് കേട്ടോ' എന്നു കൂട്ടിച്ചേർത്തുകൊണ്ട്, പ്രശാന്തത തെളിഞ്ഞുനിന്ന മുഖത്തോടെ മകനും മുറ്റത്തേയ്ക്ക് ഇറങ്ങിവന്നു. അമ്മയ്ക്ക് ഞങ്ങളോടു അധികം സംസാരിക്കാനുള്ള അവസരം ലഭിക്കുന്നതിനുമുമ്പേ, തനിക്കു ഭക്ഷണം വിളമ്പിത്തരാനായി കുടുംബനാഥൻ ആവശ്യപ്പെട്ടതുമൂലം അമ്മ അകത്തേക്കു പോയി. 33 വയസ്സ് പ്രായമായ ആ മകനും ഞങ്ങളോടു പറയാൻ ഏറെയുണ്ടായിരുന്നു. ജോലിയുണ്ട്, എന്നാൽ ആരോടും ബന്ധമില്ലാത്ത ജീവിതം. 35 വയസ്സുള്ള ഒരു സഹോദരിയുണ്ട്. അവൾ നഴ്സായി ജോലിചെയ്യുന്നു. രണ്ടുപേരുടെയും വിവാഹം നടന്നിട്ടില്ല. ചെറുപ്പത്തിൽ ലഭിച്ച ചില തിക്താനുഭവങ്ങളുടെ വെളിച്ചത്തിലാവാം സ്വന്തം മാതാപിതാക്കളോടും അവനു വെറുപ്പാണ്. ചെറുപ്പത്തിൽ പിതാവ് ശിക്ഷിക്കുമ്പോൾ തടസ്സം പിടിച്ചാൽ അമ്മയ്ക്കും ശിക്ഷ ഉറപ്പ്. മകനെ അടിക്കുന്നത് കാണാൻ കഴിയാതെ ആ അമ്മ മാറിപോകുമായിരുന്നു. തന്നെ ശിക്ഷിക്കുന്നതിന് അമ്മയും കൂട്ടുനിന്നു എന്ന

ചിന്തയാണ് അവന്റെ കുരുന്നുമനസ്സിൽ ആഴപ്പെട്ടത്.

ജോലിസംബന്ധമായും മറ്റ് ചില പ്രശ്നങ്ങളാലും സഭാധികാരികളോടും വൈദികരോടും മറ്റ് സഹപ്രവർത്തകരോടും വച്ചുപുലർത്തുന്ന വെറുപ്പിന്റെ, നീരസത്തിന്റെ, പകയുടെ കുത്തൊഴുക്ക് കുടുംബങ്ങളുടെ അധഃപതനത്തിനു നിദാനമാകും. സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സൗഭാഗ്യം പ്രദാനം ചെയ്യുന്ന വിളനിലമാണ് കുടുംബം. സമ്പത്തോ, സുഖസൗകര്യമോ അല്ല സൗഭാഗ്യം പ്രദാനം ചെയ്യുക. ഇവയെല്ലാം താല്ക്കാലിക സന്തോഷം പ്രദാനം ചെയ്യുന്നവയാണ്. ആർക്കും കാണാൻ കഴിയാത്ത കണ്ണീരിന്റെയും കയ്പാർന്ന ജീവിതാനുഭവങ്ങളുടെയും ഭാരംപേറുന്നവർ അനേകരാണ്. മരവിച്ച മനസും നിശബ്ദതയാർന്ന ജീവിതങ്ങളുമായി വീടുകളുടെ അകത്തളങ്ങളിൽ കഴിയുന്നവർ ഏറെയില്ലേ? പ്രഭാഷകൻ പറയുന്നു: "ഇന്നിന്റെ സന്തോഷങ്ങൾ നഷ്ടപ്പെടുത്തരുത്; നിനക്ക് അർഹമായ സന്തോഷത്തിന്റെ ഓഹരി വേണ്ടെന്നു വയ്ക്കരുത്" (പ്രഭാ 14,14).

ഈയിടെ ഒരു സുഹൃത്ത് വാട്ട്സാപ്പിൽ ഇട്ടുതന്ന ഒരു കഥ എന്റെ ഓർമ്മയിൽ വരുന്നു. ഒരിടത്ത് ഒരു കർഷകനും ഭാര്യയും ജീവിച്ചിരുന്നു. ഒരു ദിവസം ഉച്ചയ്ക്ക് ഭക്ഷണം കഴിയ്ക്കാൻ കർഷകൻ വീട്ടിലെത്തി. കൈകാലുകൾ കഴുകി നിലത്തൊരു പലകയിൽ അയാൾ ഇരുന്നു. ഭാര്യ അയാൾക്ക് ഭക്ഷണം വിളമ്പി. ഭക്ഷണം കഴിച്ചുതുടങ്ങിയപ്പോൾ വീടിനു പുറത്തുനിന്ന് ആരോ വിളിക്കുന്ന ശബ്ദം കേട്ടു. ആരാണെന്ന് നോക്കാൻ കർഷകൻ ഭാര്യയോട് പറഞ്ഞു. പുറത്തുചെന്ന് നോക്കിയപ്പോൾ നാല് യുവാക്കൾ നില്ക്കുന്നതു കണ്ടു. കർഷകന്റെ ഭാര്യ ചോദിച്ചു: ആരാണ് നിങ്ങൾ? എന്തിനാണ് വന്നത്? യുവാക്കളിൽ ഒരാൾ പറഞ്ഞു: ഞങ്ങൾ അങ്ങ് ദൂരെനിന്നും വരികയാണ്. ധനം, ഐശ്വര്യം, സമാധാനം, സ്നേഹം എന്നിങ്ങനെയാണ് ഞങ്ങളുടെ പേരുകൾ. ഞങ്ങൾക്ക് താമസിക്കാൻ ഒരു സ്ഥലം വേണം, കൂടെ നല്ല ഭക്ഷണവും.




പക്ഷേ ഞങ്ങളിൽ ഒരാളെ മാത്രമേ വിളിക്കുവാൻ പാടുള്ളു. ഭാര്യ അകത്തുപോയി ഭർത്താവിനോടു കാര്യം പറഞ്ഞു. വന്നിരിക്കുന്നത് സാധാരണക്കാരല്ലെന്നു കർഷകന് മനസ്സിലായി. അതിനിടെ ഭാര്യ പറഞ്ഞു, ദേ.. നമുക്ക് 'ധന'ത്തെ വിളിക്കാം. അതാകുമ്പോ ഇനി കഷ്ടപ്പെടണ്ടല്ലോ. ഒന്ന് ആലോചിച്ചശേഷം കർഷകൻ ഭാര്യയോട് പറഞ്ഞു. നീ പോയി 'സ്നേഹത്തെ' ഭക്ഷണം കഴിക്കാൻ വിളിക്കൂ. ഇഷ്ടക്കേടോടെയാണെങ്കിലും ഭാര്യ പുറത്തേക്കുപോയി 'സ്നേഹത്തെ' അകത്തേക്കു വിളിച്ചു. 'സ്നേഹം' കാൽകഴുകി അകത്തേക്കു കയറിയപ്പോൾ 'സമാധാന'വും അകത്തുകയറി. ഇതുകണ്ട് 'ഐശ്വര്യം' പറഞ്ഞു: സ്നേഹവും സമാധാനവും ഉള്ളിടത്തെ ഞാനും താമസിക്കുന്നുള്ളു. ഐശ്വര്യവും കാൽകഴുകി അകത്തേക്കു കയറി. അപ്പോൾ 'ധനം' പറഞ്ഞു: സ്നേഹമുള്ളിടത്ത് സമാധാനം ഉണ്ടെങ്കിൽ അവിടെ ഐശ്വര്യം കുടിയേറുന്നുണ്ടെങ്കിൽ 'ധനം' എന്ന ഞാൻ മാത്രം എന്തിനു പുറത്തുനില്ക്കണം? ഞാനും നിങ്ങളുടെകൂടെ ഇവിടെ താമസിക്കാം. ധനവും കാൽകഴുകി അകത്തുകയറി.

നമ്മുടെ ഹൃദയത്തിന്റെ പടിവാതിലിലും ഇതുപോലെ "നാലുപേർ" നിന്നാൽ നാം ആരെയാണു വിളിക്കുക? ആരാണ് നമ്മിൽ ഇപ്പോൾ കുടിയേറിയിരിക്കുന്നത്? ചിലർ വിളിക്കുന്നത് ധനത്തെ മാത്രം. അപ്പോൾ അവിടെ സമാധാനം ഇല്ല. ചിലർ ഐശ്വര്യം കാംക്ഷിക്കും. പക്ഷേ സ്നേഹമില്ല. അതുകൊണ്ട് സംതൃപ്തി ഇല്ല. സ്നേഹത്തെ ഒന്നു വിളിച്ചാൽ, അതുവന്ന് ഹൃദയത്തിൽ നിറഞ്ഞാൽ, സ്നേഹത്തിന്റെ സുഹൃത്തുക്കളായ സമാധാനവും ഐശ്വര്യവും ധനവുമെല്ലാം അതോടൊപ്പം വന്നുകൊള്ളും. നമുക്ക് സ്നേഹിക്കാൻ തുടങ്ങാം. നമ്മുടെ ഉത്തരവാദിത്വങ്ങളെ, ബന്ധങ്ങളെ, അയൽവാസികളെ, ഉപകാരികളെ, ശത്രുക്കളെ, ജീവിതസാഹചര്യങ്ങളെ അങ്ങനെ എല്ലാത്തിനെയും... എല്ലാവരെയും! ഇങ്ങനെ ജീവിക്കാനുള്ള ശക്തി നമുക്കു ലഭിക്കുന്നത് പരിശുദ്ധാത്മകൃപാവരത്താലാണ്.

സഭയോടും സഭയുടെ പ്രാർത്ഥനകളോടും കൗദാശികജീവിതത്തോടും ആഭിമുഖ്യം പുലർത്തുന്ന ജീവിതത്തിലേക്ക് ശ്ലീഹാക്കാലത്തിലൂടെ സഭാമാതാവ് നമ്മെ ക്ഷണിക്കുകയാണ്. "കർത്താവു തന്റെ അടുക്കലേക്കു തിരിയുന്നവരോടു പ്രദർശിപ്പിക്കുന്ന കാരുണ്യവും ക്ഷമയും എത്ര വലുതാണ്!" (പ്രഭാ 17,29). ദൈവകാരുണ്യത്തിന്റെ കരകവിഞ്ഞൊഴുകുന്ന കൂദാശകളായ വി. കുമ്പസാരവും വി. കുർബാനയും നമ്മുടെ ജീവിതത്തെ ദൈവോന്മുഖമാക്കിത്തീർക്കും. സ്നേഹത്തിന്റെ കൂദാശയായ വി. കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതംനയിച്ച് ആത്മാവിന്റെ നിറവിൽ നമുക്ക് കരുത്തുറ്റവരാകാം. ശാശ്വതമായ സന്തോഷംപ്രദാനം ചെയ്യുന്നത് ഒരുമയിലും കൂട്ടായ്മയിലുമാണ്. സുഖസൗകര്യങ്ങൾക്ക് കുറവു വന്നാലും സാഹോദര്യത്തിലും സ്നേഹത്തിലും സന്തോഷവും സമാധാനപൂർണവുമായ ഒരു ജീവിതംനയിച്ച് വിശുദ്ധിയുടെ പടവുകൾ ചവട്ടിക്കയറുവാൻ നമുക്കു സാധിക്കട്ടെ!

> *"വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു, എന്നാൽ സ്നേഹമാണ് സർവോത്കൃഷ്ടം"*
>
> (1 കൊറി 13,12-13)



# നമ്മുടെ പൊതുഭവനത്തിന് എന്ത് സംഭവിക്കുന്നു?

**അങ്ങേയ്ക്ക് സ്തുതി - 3**

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**'അ**ങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രികലേഖനത്തിന്റെ ഒന്നാമത്തെ അദ്ധ്യായത്തിൽ നമ്മുടെ പൊതുഭവനമായ പ്രകൃതിക്ക് എന്തു സംഭവിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ ആരംഭിക്കുന്നത്. അതിവേഗമുള്ള ഒരു മാറ്റത്തിന്റെ കാലഘട്ടത്തിലാണ് നാം. എല്ലാ മേഖലകളിലും ഒരു 'ത്വരിതവത്ക്കരണം' (Rapidification) നടക്കുന്നു. മനുഷ്യപ്രവർത്തനം വികസിക്കുന്നതിന്റെ വേഗതയും ജൈവപരിണാമത്തിന്റെ സ്വഭാവികമായ ഗതിവേഗവും തമ്മിൽ വിരുദ്ധത (contrast) സംജാതമായിട്ടുണ്ട്. നിരന്തരമുള്ള മാറ്റങ്ങൾ പൊതുനന്മലക്ഷ്യമാക്കിയുള്ളതോ, സമഗ്രവും സുസ്ഥിരവുമായ വികസനം അടിസ്ഥാനമാക്കിയുള്ളതോ അല്ല. അത്തരത്തിലുള്ള മാറ്റങ്ങൾ വലിയ ഉത്കണ്ഠതന്നെ ജനിപ്പിക്കും. ഈ സാഹചര്യത്തിൽ വിമർശനാത്മകമായ ഒരു സമീപനം (critical approch) നാം കൈകൊള്ളണം. പരിസ്ഥിതിയെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിന് വർദ്ധിതമായ ഒരു സംവേദനക്ഷമത (sensitivity) നമുക്കുണ്ടാവണം. ഈ ലോകത്തിന് എന്തു സംഭവിക്കുന്നുവെന്ന് അവബോധമുള്ളവരായിക്കൊണ്ട് ഓരോരുത്തർക്കും ഭാവാത്മകമായി എന്തു ചെയ്യുവാൻ സാധിക്കുമെന്ന് എല്ലാവരും കണ്ടെത്തേണ്ടതുണ്ട്.

**1. മലിനീകരണവും കാലാവസ്ഥാവ്യതിയാനവും**

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നതും, ദശലക്ഷക്കണക്കിന് അകാലമരണങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്ന ഒന്നാണ് അന്തരീക്ഷമലിനീകരണം (pollution). ഇന്ധനങ്ങളുടെ ഉയർന്ന തോതിലുള്ള പുകയും കൃഷിക്കായി ഉപയോഗിക്കുന്ന കീടനാശിനികളും രാസവളങ്ങളും പ്രകൃതിയെ മലിനീകരിക്കുന്നു. വാണിജ്യസ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രോണിക്-വ്യാവസായിക സ്രോതസ്സുകളിൽനിന്നും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളിൽ ഏറിയപങ്കും അഴുകിപ്പോകാത്തതും മാരകമായ റേഡിയോ വികിരണം നടത്തുന്നതുമാണ്. ഇതെല്ലാം അപരിഹാര്യമാംവിധം നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും.

ഇന്നത്തെ വലിച്ചെറിയൽ സംസ്കാരം (throw away culture) പ്രകൃതിയെ നശിപ്പിക്കുന്നതാണ്. നാം വലിച്ചെറിയുന്ന പല വസ്തുക്കളും പുനചംക്രമണം (recycling) ചെയ്യപ്പെടുന്നില്ല. നമ്മുടെ വ്യാവസായിക സംവിധാനത്തിൽ മാലിന്യങ്ങളെ പുനരുപയോഗിക്കുവാനുള്ള ശേഷി

യില്ല. പുനരുപയോഗക്ഷമമല്ലാത്ത വിഭവങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തിയും അവയുടെ കാര്യക്ഷമമായ ഉപയോഗം പരമാവധിയാക്കിയും അവ പുനരുപയോഗിക്കുകയും പുനചംക്രമണം നടത്തുകയും ചെയ്തുകൊണ്ട് വരും തലമുറയ്ക്കുവേണ്ടിയുള്ള നല്ല ഒരു സംവിധാനത്തെ ഇതുവരെ രൂപപ്പെടുത്തിയിട്ടില്ല. ഗൗരവാവഹമായ ഒരു ശ്രദ്ധയും പരിഗണനയും ഇവിടെ ആവശ്യമായിട്ടുണ്ട്.

കാലാവസ്ഥ എന്നത് എല്ലാവർക്കും സ്വന്തമായ ഒരു പൊതുനന്മയാണ്. മനുഷ്യജീവിതത്തിന് ഏറെ ആവശ്യമുള്ള ഒരു സങ്കീർണ്ണ വ്യവസ്ഥിതിയാണിത്. എന്നാൽ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനത്തിന് നാമിന്ന് സാക്ഷ്യം വഹിക്കുന്നു. ശരിയല്ലാത്ത മനുഷ്യപ്രവർത്തനത്തിന്റെ ഫലമായി ആഗോളതാപനം ഉണ്ടാകുന്നു. ഊർജ്ജസംവിധാനത്തിന്റെ തീവ്ര ഉപയോഗവും വനനശീകരണവും ഇതിന് കാരണമായിത്തീരുന്നു. ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകത്തക്കവിധമുള്ള കാലാവസ്ഥാ വ്യതിയാനത്തിന് കാലതാമസമില്ല.

ഗൗരവമായി എടുക്കേണ്ട ഒരു വിഷയമാണ് കാലാവസ്ഥാവ്യതിയാനം. വികസ്വര രാജ്യങ്ങളെയാണ് ഇത് ഏറെ മോശമായി ബാധിക്കുന്നത്. താപനവുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങൾ ബാധിച്ച പ്രദേശങ്ങളിലെ ആളുകളെ സംബന്ധിച്ചിടത്തോളം ഇത് അവരുടെ ജീവിതമാർഗത്തെത്തന്നെ തടസ്സപ്പെടുത്തുന്നു. കൂടാതെ, കാലാവസ്ഥാ വ്യതിയാനത്തോട് അനുരൂപപ്പെടുന്നതിനോ, പ്രകൃതിക്ഷോഭങ്ങളെ അഭിമുഖീകരിക്കുന്നതിനോ അവർക്ക് സാധിക്കാതെവരുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾമൂലം ജനങ്ങൾ വലിയ പലായനങ്ങൾക്ക് വിധേയരാകേണ്ടിവരുന്നുണ്ട്. ലോകമെമ്പാടുമുള്ള ഇത്തരം യാതനകളോട് വ്യാപകമായ ഒരു അലംഭാവമുണ്ട്. സഹോദരങ്ങളോടുള്ള ഉത്തരവാദിത്വബോധമില്ലാതെയാണ് ഏവരും പ്രവർത്തിക്കുന്നത്.

സാമ്പത്തിക-രാഷ്ട്രീയ ശക്തി കയ്യാളുന്നവർ കാലാവസ്ഥാവ്യതിയാനത്തിന്റെ ദോഷവശങ്ങളെ, അതിന്റെ പ്രത്യാഘാതങ്ങളെ ചെറുതാക്കിക്കാണിക്കാൻ പരിശ്രമിക്കുന്നുണ്ട്. ഗുരുതരപ്രശ്നങ്ങൾക്ക് മുഖംമൂടി അണിയിക്കുവാനോ, അവയുടെ ലക്ഷണം മറച്ചുവയ്ക്കുവാനോ അവർ ഒരുമ്പെടുന്നു. പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ നാം കണ്ടെത്തേണ്ടതുണ്ട്. പ്രകൃതിയെ നശിപ്പിക്കുന്ന തരത്തിലുള്ള വാതകങ്ങളുടെ പുറന്തള്ളൽ ഗണ്യമായി കുറച്ചുകൊണ്ടും, അതിനുവേണ്ട നയങ്ങൾ രൂപീകരിച്ചുകൊണ്ടും, മതിയായ സംഭരണ സാങ്കേതികവിദ്യകൾ വികസിപ്പിച്ചുകൊണ്ടും ഊർജ്ജകാര്യക്ഷമത മെച്ചപ്പെടുത്തുന്ന നിർമ്മാണരീതികൾ പിന്തുടർന്നുകൊണ്ടും എല്ലാവരും പ്രവർത്തിക്കേണ്ടതുണ്ട്.





# റൂഹായുടെ ശക്തിയാൽ

**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ശ്ലീഹാക്കാലം സ്ലീവാതരുവിൻ
വേരുകളാഴും കാലം
ശ്ലീഹന്മാരുടെ പിൻഗാമികളാൽ
സഭ വളരുന്നൊരു കാലം
വിശ്വാസത്തിൻ ശില്പികളാം നൽ
ശ്ലീഹന്മാരാൽ വിരചിതമല്ലോ
മിശിഹാനാഥൻ ഗേഹമതായും
സഭയിതെന്നും ഭൂവിൽ
സഭയെ പാവനമാക്കും ദൗത്യം
റൂഹാ തുടരുന്നെന്നും
റൂഹാ തന്നുടെ ആലയമാകും
വിശ്വാസികളാലിവിടെ
വചനത്തിൻ തിരുവിത്തുവിതച്ചു
രുധിരം നല്കി വളർത്തി
വരുവാനുള്ളൊരു രാജ്യത്തിൻ
നവമാതൃകയേകുകയായി
ആദിമസഭയുടെ പിൻഗാമികളാം
തിരുസ്സഭതന്നുടെ മക്കൾ

ആദരവോടെ തിരുവചനത്തിൻ
പാതയിലൂടെ നടന്നാൽ
അനവധിയത്ഭുത സിദ്ധികളിന്നും
ധരയുടെ ഭാഗമതാകും
ലോകമതിന്നുടെ ആശകളെല്ലാം
തൃണമായി കരുതുക യുക്തം
ആശയതീശ്വരചിന്തയിലെന്നും
ജീവിതം ഉന്നതി നേടാൻ
ആകുലചിന്തകളെല്ലാം ഉലകിൻ
പാഴ്‌വസ്തുവതായ് കളയാം
അവികലമായി കാത്തുചരിക്കാം
തിരുവചനത്തിൻ വഴിയേ
ആയുസ്സു തീരുംമുമ്പേ തിരുഹിത-
മനുവർത്തിക്കാം മോദാൽ
ആഗതനാകും റൂഹാ പകരും
ധൈര്യം കൈമുതലാക്കി
ആത്മശരീരവിശുദ്ധിയിലെന്നും
നാഥനു പുകൾപാടീടാം.



# നിന്റെ ജീവിതം ഒരു സാക്ഷ്യമോ?

**ജിനു നിരപ്പേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**വധിക്കാലം ആരംഭിച്ചുകഴിഞ്ഞാൽ അവർക്ക് അത് ആനന്ദത്തിന്റെ കാലഘട്ടം ആണ്. അപ്പനും അമ്മയും അഞ്ചു കുട്ടികളും അടങ്ങുന്നതാണ് അവരുടെ കുടുംബം. ആ കുടുംബം യാത്രകളെ ഏറെ ഇഷ്ടപ്പെടുന്നവരാണ്. പതിവുപോലെ അവർ ഒരു വിനോദയാത്രയ്ക്ക് തയ്യാറായി. അവരുടെ ടൈംടേബിളിൽ എല്ലാ ദിവസവും പരിശുദ്ധ കുർബാനയ്ക്ക് ഒരു സമയം ഇട്ടിരുന്നു. അവരുടെ പരിചയക്കാരും കൂട്ടുകാരുമായി ഒരു ഗ്രൂപ്പും അവരുടെകൂടെ ഉണ്ടായിരുന്നു. വിനോദയാത്രയ്ക്കിടെ എല്ലാ ദിവസവും ഈ കുടുംബം പരിശുദ്ധ കുർബാനയ്ക്കു പോകും. തിരികെവന്നുകഴിയുമ്പോൾ ഈ കുട്ടികൾ എല്ലാവരെയും സഹായിച്ചും എല്ലാക്കാര്യങ്ങളിലും ഏർപ്പെട്ടും വ്യത്യസ്ഥമായ ഒരു സ്ഥാനം ആ ഗ്രൂപ്പിൽ നേടിയെടുത്തു. എപ്പോഴും ഉത്സാഹത്തോടെ സന്തോഷിച്ച് ഓടിനടക്കുന്ന ആ കുട്ടികളെ കണ്ട് ഗ്രൂപ്പിൽ ഒരാൾ അപ്പനോട് ചോദിച്ചു: “എന്തുകൊണ്ടാണ് നിങ്ങൾ എപ്പോഴും ഇത്ര സന്തോഷത്തോടെ ആയിരിക്കുന്നത്?” അയാൾ മറുപടി പറഞ്ഞു: “ഞങ്ങൾ എന്നും പരിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കെടുക്കും. കുട്ടികളെ ഈശോയുടെ കൈകളിൽ കൊടുക്കും. എന്നിട്ട് കുട്ടികളോട് പറയും, നിങ്ങൾ എവിടെപ്പോയാലും ഈശോയെയും കൂട്ടിയേ പോകാവൂ എന്ന്. ഈശോ കൂടെയുള്ളപ്പോൾ ആർക്കാണ് മടി പിടിച്ചിരിക്കാനാവുക. അവർ അറിയാതെതന്നെ അവർക്കുള്ള വഴി അവിടുന്ന് ഒരുക്കിക്കൊള്ളും”.

യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്നു പറഞ്ഞ ഈശോയുടെ സാക്ഷികളായി ഈ ലോകത്തിൽ ജീവിക്കേണ്ടവരാണ് സഭാമക്കളായ നാം ഓരോരുത്തരും. നമ്മുടെ ഈ ചെറുജീവിതം ഒരു യാത്രയാണ് – സ്വർഗം ലക്ഷ്യമാക്കിയുള്ള യാത്ര. ഈ യാത്രയിൽ ഈശോയുടെ സാക്ഷികളായിത്തീരേണ്ടവരാണ് നാം ഓരോരുത്തരും.




ദൈവദാസൻ വില്യം ജകീന്താ ഇപ്രകാരം പറയുന്നുണ്ട്: **"നമ്മുടെ യാത്ര വെറും യാത്രയ്ക്കുവേണ്ടിയുള്ളതല്ല. നമ്മുടെ ചരിത്രത്തിൽ സ്നേഹമാകുന്ന ദൈവം സന്നിഹിതനാണെന്ന സദ്വാർത്ത സഹോദരങ്ങൾക്ക് കൊണ്ടുപോയി കൊടുക്കുവാനുള്ള യാത്രയാണ്".**

നമ്മുടെ ചരിത്രം നമ്മുടെ ജീവിതം ആണ്. അതിൽ ദൈവം സന്നിഹിതനാണെങ്കിൽ നമ്മുടെ ചരിത്രത്തിനുതന്നെ ഒരു അർത്ഥമുണ്ടാകുന്നു. രാവിലെ നീ വീട്ടിൽ നിന്നിറങ്ങുമ്പോൾ നിന്നിലെ ദൈവസ്നേഹം അനുഭവിച്ച കുടുംബാംഗങ്ങൾ വൈകിട്ട് നീ വരുന്നതും കാത്തിരിക്കുന്നു. നിന്റെ സ്കൂളിൽനിന്ന്, കോളേജിൽനിന്ന്, ജോലിസ്ഥലത്തുനിന്ന് മടങ്ങുമ്പോൾ നിന്റെ സഹപാഠികളും സഹപ്രവർത്തകരും നാളെയും നിന്നിലെ ദൈവസ്നേഹത്തെ പ്രതീക്ഷിക്കുന്നു; കാത്തിരിക്കുന്നു. നീ കടന്നുചെല്ലുന്ന സ്ഥലങ്ങളെല്ലാം സന്തോഷത്താൽ നിറയുന്നു. എത്രയോ മനോഹരമായ സ്വപ്നങ്ങൾ അല്ലേ... പക്ഷേ ഇത് വെറും സ്വപ്നങ്ങളല്ല. ഈശോ കൂടെയുണ്ടെങ്കിൽ ഇത് യാഥാർത്ഥ്യമാണ്.

നാം ഇപ്പോൾ ശ്ലീഹാക്കാലത്തിലൂടെ കടന്നുപോവുകയാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യന്മാർ ലോകമെങ്ങും പോയി ഈശോയ്ക്കു സാക്ഷികളായി. ആദിമക്രൈസ്തവരുടെ ജീവിതംപോലും ഈശോയെ പ്രഘോഷിക്കുന്നതായിരുന്നു. ഇന്നത്തെ ഈ കാലഘട്ടത്തിൽ ജീവിക്കാൻ ദൈവം നമ്മെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഈ കാലഘട്ടത്തിൽ നാം അവിടുത്തെ സാക്ഷികളായിത്തീരണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നുണ്ട്. പരിശുദ്ധ കുർബാനയിലൂടെയും കുമ്പസാരത്തിലൂടെയും നിരന്തരം അവിടുത്തോടു ചേർന്നുനിന്നുകൊണ്ട് അവിടുത്തെ സ്നേഹം അനുഭവിച്ച് അത് മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നവരായി തീരാം. അങ്ങനെ നമ്മുടെയീ ലോകത്തിൽ നമുക്കും ഈശോയുടെ സാക്ഷികളായിത്തീരാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# അബ്സലോം

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ദാ**വീദ് രാജാവിന്റെ മൂന്നാമത്തെ മകനാണ് അബ്സലോം. അവന്റെ അമ്മ ഗഷൂറിലെ രാജാവായ തൽമായിയുടെ മകൾ മാഖാ ആയിരുന്നു. ഇസ്രായേലിലെങ്ങും അവനെപ്പോലെ സുന്ദരനായി ആരും ഉണ്ടായിരുന്നില്ല. അടിമുതൽ മുടിവരെ തികവുറ്റവൻ. അവന്റെ മുടി വർഷത്തിലൊരിക്കലാണ് വെട്ടുക; മുടി വളർന്ന് ഭാരമാകുന്നതുകൊണ്ടാണ് അങ്ങനെ ചെയ്തിരുന്നത്. കത്രിച്ചുകളയുന്ന മുടി രാജതൂക്കത്തിന് 200 ഷെക്കൽ ഭാരമുണ്ടായിരുന്നു. (2 സാമു 14,25 -26). അവൻ സമർത്ഥനും, സുന്ദരനും, സംഭാഷണചാതുര്യമുള്ളവനും തന്ത്രശാലിയുമായിരുന്നു. അബ്സലോമിന് സുന്ദരിയായ ഒരു സഹോദരിയുണ്ടായിരുന്നു-താമാർ. ദാവീദിന്റെ മറ്റൊരു മകനായ അമ്നോൻ അവളെ കാംക്ഷിച്ചു. രോഗം നടിച്ച് അവളെ തന്റെ അടുത്തുവരുത്തി മാനഭംഗപ്പെടുത്തി. ഇതറിഞ്ഞ അബ്സലോം സഹോദരിയെ സമാധാനപ്പെടുത്തിയെങ്കിലും ഗുണമോ ദോഷമോ അമ്നോനോട് പറഞ്ഞതുമില്ല.

രണ്ടുവർഷത്തിനുശേഷം അബ്സലോം ആടുകളുടെ രോമം കത്രിക്കുന്ന ഉത്സവം എഫ്രായിം പട്ടണത്തിനടുത്തുള്ള ബാൽഹസോറിൽവച്ച് നടത്തി. രാജകുമാരൻമാരെയെല്ലാം അവൻ ക്ഷണിച്ചു. വിരുന്നു സത്കാരത്തിനിടയിൽ വീഞ്ഞുകുടിച്ച് ഉന്മത്തനായ അമ്നോൻ

രാജകുമാരനെ വെട്ടിക്കൊല്ലുവാൻ അബ്സലോം ഭൃത്യന്മാരോട് കല്പിച്ചു. അതനുസരിച്ച് അവർ അവനെ കൊന്നു. തന്റെ സഹോദരിയായ താമാറിനെ കളങ്കിതയാക്കിയതിൽ പകരം വീട്ടിയ അബ്സലോം അമ്മീഹൂദിന്റെ മകനും തന്റെ മുത്തച്ഛനുമായ ഗഷൂർ രാജാവ്-തൽമായിയുടെ അടുത്തുചെന്ന് മൂന്നു വർഷം ഒളിവിൽ താമസിച്ചു.

പിന്നീട് സെരൂയയുടെ മകൻ യോവാബിന്റെ പരിശ്രമഫലമായി ഒരു വിലാപകാരിയുടെ ഇടനിലമുഖേന അബ്സലോം പിതാവിന്റെ ഭവനത്തിൽ തിരികെ എത്തുന്നു. പിതാവുമായി പുനരൈക്യപ്പെട്ടുവെങ്കിലും രാജകുമാരൻ ദാവീദ് രാജാവിന്റെ സന്നിധിയിൽചെല്ലാതെ രണ്ടു വർഷം ഭവനത്തിൽ കഴിച്ചുകൂട്ടി. തന്റെ സ്വഭാവംകൊണ്ട് നല്ലവനാണെന്ന് തെളിയിക്കേണ്ടത് അബ്സലോമിന്റെ കടമയായിരുന്നു. പുത്രത്വം അംഗീകരിക്കുന്നതിലും ആദരിക്കുന്നതിലും അവൻ പരാജിതനായിരുന്നു; മാത്രമല്ല, പിതാവിനെതിരെ പടവെട്ടാനും അവൻ ഒരുമ്പെടുന്നു. ദാവീദിന്റെ സന്നിധിയിൽ താൻ ചെല്ലുന്നതിനായി യോവാബിനെ അവൻ വിളിപ്പിച്ചു. എന്നാൽ യോവാബ് അവന്റെ പക്കലേക്ക് ചെന്നില്ല. പ്രതികാരമായി അവൻ അദ്ദേഹത്തിന്റെ യവം വിളഞ്ഞ് ഫലമണിഞ്ഞുകിടന്നിരുന്ന വയലിന് തീ വയ്ക്കുന്നു. തന്റെ വയലിന് തീവച്ചതെന്തിന് എന്ന് ചോദിച്ച യോവാബിനോട് അബ്സലേമിന്റെ മറുപടിയിതാണ്: "ഗഷൂറിൽനിന്ന് ഞാൻ ഇവിടെ വന്നതെന്തിന്? അവിടെ താമസിക്കുകയായിരുന്നു കൂടുതൽ നല്ലത് എന്ന് നിന്നെ അയച്ച രാജാവിനോട് എനിക്ക് പറയണമായിരുന്നു". തന്റെ പിതാവിനോടുള്ള അവന്റെ മനോഭാവം ശ്രദ്ധിക്കുക. അന്യതയുടെ സ്വരമാണിവിടെ തെളിയുക. തന്റെ വാത്സല്യനിധിയായ അപ്പനെ അവൻ സംബോധനചെയ്യുന്നത് "നിന്നെ അയച്ച രാജാവ്" എന്നത്രേ. ബന്ധങ്ങളുടെ ഊഷ്മളത നഷ്ടമാകുന്ന കുടുംബങ്ങൾ! ആ സ്വരം ശിഥിലീകരണത്തിന്റെ ശിലതന്നെയാണ്. സ്നേഹവും വിശ്വസ്തതയും ജീവിതത്തിൽ അസഹ്യമാകുന്നിടത്ത് അപകടങ്ങൾ തലപൊക്കുന്നു. എങ്കിലും അബ്സലോം അവന്റെ കാര്യം നേടിയെടുക്കുന്നു. അവൻ രാജസന്നിധിയിൽ എത്തുന്നുണ്ട്.

രാജസന്നിധിയിലെത്തിയ അബ്സലോം തന്റെ പിതാവായ ദാവീദിനെതിരെ തന്ത്രപൂർവ്വം സൈനിക ശേഖരണം നടത്തുന്നു. കുശാഗ്രബുദ്ധിയുടെ വ്യവഹാരം തീർക്കാൻ വരുന്നവരെ അടുത്തുവിളിച്ച്, സ്നേഹപൂർവ്വം സംസാരിച്ച് അവരെയെല്ലാം രാജാവിന്റെ എതിരാളികളാക്കി മാറ്റി. അനേകം പട്ടാളക്കാരെയും കൊട്ടാരത്തിലുള്ളവരെയും വശീകരിച്ച് അവൻ തന്റെ പക്ഷത്താക്കി. "അങ്ങനെ അവൻ അവരുടെ ഹൃദയം വശീകരിച്ചു". സൂത്രശാലിയായ അബ്സലോം!

നാലുവർഷം കഴിഞ്ഞ് ഹെബ്രോണിലേക്ക് പോയി കർത്താവിന്റെ സന്നിധിയിൽ എടുത്ത വ്രതം അനുഷ്ഠിക്കാൻ അനുവദിക്കണമെന്ന് ദാവീദ് രാജാവിനോട് അനുവാദം ചോദിക്കുന്നു. മംഗളം നേർന്ന് രാജാവ് തന്റെ മകനെ പറഞ്ഞയക്കുന്നു. എന്നാൽ താൻ തന്ത്രപരമായി നേടിയെടുത്ത സൈന്യവുമായി യൂദായിലെ ഹെബ്രോണിൽ എത്തി അബ്സലോം സ്വയം രാജാവായി പ്രഖ്യാപിച്ചു. ആകസ്മികമായ ഈ വാർത്ത കേട്ട ദാവീദ് രാജാവ് തന്റെ ഭൃത്യന്മാരോടൊപ്പം മരുഭൂമിയിലേക്ക് ഓടി ഒളിച്ചു. സമർത്ഥനും ധീരനുമായ ഒരു സംഘം സൈന്യം ദാവീദിനോടൊപ്പമുണ്ടായിരുന്നു. അതിനാൽ അബ്സലോം വനത്തിലേക്ക് പോയി. അധികാരമോഹം ഭ്രാന്തായി മാറിയവന്റെ ജീവിതം പിന്നെ, മനുഷ്യത്വം നഷ്ടപ്പെടുത്തുന്ന രക്തച്ചൊരിച്ചിലിലേയ്ക്ക് വഴിമാറുന്നു.

യോർദാൻ നദി കുറുകെ കടന്നു ദാവീദിന്റെ സൈന്യവുമായി അബ്സലോം ഉഗ്രയുദ്ധം നടത്തി. ഗിലയാദിലും അവൻ ഏറ്റുമുട്ടുന്നു. കൊട്ടാരം സൂക്ഷിക്കാൻ ദാവീദ് വിട്ടുപോയ ഉപനാരികളെ അബ്സലോം കരുവാക്കി പിതാവിനോടുള്ള തന്റെ വെറുപ്പ് വ്യക്തമാക്കുന്നു; കൂടാതെ

ഇസ്രായേൽക്കാരുടെ പ്രീതി നേടുകയും ചെയ്യുന്നു. ഇത് അഹിഥോഫെലിന്റെ ബുദ്ധിയിൽ ഉദിച്ച തന്ത്രമായിരുന്നു. അവനാകട്ടെ ഒരിക്കൽ ദാവീദിന്റെയും വിശ്വസ്തനായ ഉപദേശകനായിരുന്നു. യുദ്ധതന്ത്രങ്ങൾ മെനയുവാൻ പോരാട്ടത്തിൽ പ്രഗത്ഭനായിരുന്നു. എന്നാൽ ജോർദാനിലെ പോരാട്ടത്തിൽ അഹിഥോഫെലിന്റെ ഉപദേശം അബ്സലോം സ്വീകരിക്കാത്തതിൽ അയാൾ പിൻവാങ്ങി വീട്ടുകാര്യങ്ങൾ ക്രമപ്പെടുത്തിയശേഷം തൂങ്ങിമരിച്ചു. "അബ്സലേമിന് അനർത്ഥം വരേണ്ടതിന് അഹിഥോഫെലിന്റെ നല്ല ആലോചന സ്വീകരിക്കപ്പെടാതിരിക്കാൻ കർത്താവ് നിശ്ചയിച്ചിരുന്നു" (2 സാമു 17,14). വഴിവിട്ടുനടക്കുന്നവന്റെ വഴി ദൈവം മാറ്റിവിടുന്നു.

പിന്നീട് അമാസയുടെ നേതൃത്വത്തിൽ വലിയ സൈന്യവുമായി എഫ്രായിം വനത്തിൽവച്ച് ദാവീദിന്റെ സൈന്യവുമായി ഏറ്റുമുട്ടി. തന്നെ സ്ഥാനഭ്രഷ്ടനാക്കി അപമാനിക്കുകയും വധിക്കാനൊരുമ്പിടുകയും ചെയ്ത മകനോട് തന്നെപ്രതി മയമായി പെരുമാറണമെന്ന് ദാവീദ് തന്റെ ഭടന്മാരോട് കല്പിച്ചു. യുദ്ധത്തിന്റെ തീക്ഷ്ണതയിൽ ഭടന്മാർ രാജാവിന്റെ വാക്കുകൾ മറന്നു. ദാവീദിന്റെ പടിയാളികൾ ഇസ്രായേൽക്കാരെ ദയനീയമായി തോൽപ്പിച്ചു. അബ്സലോം ദാവീദിന്റെ സൈന്യത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. അവൻ കോവർകഴുതപ്പുറത്ത് ഓടിപ്പോവുകയായിരുന്നു. ഒരു വലിയ ഓക്കുമരത്തിന്റെ കീഴിലൂടെ കടന്നുപോകുമ്പോൾ അവന്റെ തലമുടി മരക്കൊമ്പിൽ കുടുങ്ങി. കോവർക്കഴുത ഓടിപ്പോയി. ആകാശത്തിനും ഭൂമിയ്ക്കും മധ്യേ അവൻ തൂങ്ങിനിന്നു. യോവാബ് മൂന്നു കുന്തമെടുത്ത് ഓക്കുമരത്തിൽ ജീവനോടെ തൂങ്ങിക്കിടക്കുന്ന അബ്സലോമിന്റെ നെഞ്ചിൽ കുത്തിയിറക്കി. ആയുധവാഹകർ ചേർന്ന് അവനെ അടിച്ചുകൊന്നു. അവർ അവനെ വനത്തിലുള്ള വലിയ കുഴിയിൽ എറിഞ്ഞു കളഞ്ഞു. അവനുമീതെ വലിയൊരു കൽക്കൂമ്പാരം കൂട്ടി. പിതാവിനോട് വെല്ലുവിളിക്കുന്ന മക്കളുടെ പ്രതീകമാണ് അബ്സലോം. അവൻ ജീവിതത്തിലൂടെ തന്റെ അയോഗ്യത വെളിപ്പെടുത്തി. ജീവിതം ശാപം നിറഞ്ഞതും പരാജയവുമായി അവസാനിച്ചു. പ്രഭാഷകന്റെ പുസ്തകത്തിൽ അതിനുത്തരമുണ്ട് (പ്രഭാ 3,2-16).

അബ്സലോം നല്കുന്ന പാഠം

* ***മാതാപിതാക്കളെ അംഗീകരിക്കുക, ആദരിക്കുക (എഫേ 6,1-3)***

* ***ജീവിതകടമകളിൽ മനുഷ്യത്വം നിലനിർത്തുക.***

* ***വക്രതയുടെ മാർഗ്ഗത്തേക്കാൾ ദൈവാശ്രയത്തിന്റെ പാത വിജയം നല്കും.***

* ***ജീവിതത്തിൽ സത്യസന്ധത പുലർത്തുക.***

* ***എപ്പോഴും ദൈവത്തോടു ചേർന്നുനിന്നാൽ അവിടുന്ന് കൈവിടുകയില്ല.***



# വിധി

സാബി കോഴിക്കോട്

**സെ**ന്റ് ജോർജ് ഇടവകയിലെ പല മതാദ്ധ്യാപകരും ജോലികൾക്കും പഠനത്തിനുമായി വിദേശരാജ്യങ്ങിലേക്ക് കുടിയേറി. അടുത്ത വർഷത്തേയ്ക്ക് ദൈവവിശ്വാസവും അർപ്പണബോധവുമുള്ള അദ്ധ്യാപകരെ കണ്ടെത്തേണ്ടതുണ്ട്. വേനലവധിക്കാലത്തുള്ള 'ഗ്രെയ്സ് ഫെസ്റ്റ്'ലേക്ക് താല്പര്യമുള്ളവരെ വിളിക്കാം, അതിൽനിന്നു കുറച്ചു പേരെ തിരഞ്ഞെടുക്കുകയും ചെയ്യാമെന്ന തീരുമാനത്തിലെത്തി.

അങ്ങനെ ആറു പേർ രംഗത്തെത്തി. എല്ലാവരും മിടുമിടുക്കർ. ഗൾഫിൽനിന്നും തിരികെയെത്തിയ ഒരു എത്സമ്മടീച്ചർ എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു. ആർക്കു നറുക്കുവീഴും? കമ്മിറ്റികൂടി അഭിപ്രായമാരാഞ്ഞു. എല്ലാവർക്കും എത്സമ്മടീച്ചറിനെ പെരുത്ത ഇഷ്ടം. എന്നാൽ ഹെഡ്മാസ്റ്റർമാത്രം അമ്പിനും വില്ലിനും അടുക്കുന്നില്ല. നല്ല അച്ചടക്കം, സൽസ്വഭാവി, കുട്ടികളെ നന്നായി പഠിപ്പിക്കും. അറിവിലാണെങ്കിലോ ബഹുകേമി! പിന്നെന്താണ് ഈ ടീച്ചർക്കുള്ള കുറവ്? എല്ലാവരും പരസ്പരം അടക്കംപറഞ്ഞു.

അവസാനം ഹെഡ്മാസ്റ്റർ തന്റെ നയം വ്യക്തമാക്കി. ടീച്ചറിന് തീരെ ഭക്തിയില്ല. പരിശുദ്ധ കുർബാനയിൽ തല കുമ്പിടേണ്ട അവസരങ്ങളിലൊക്കെ ടീച്ചർ യാതൊരു കൂസലുംകൂടാതെ വടിപോലെ നില്ക്കുന്നു. ഇതെങ്ങനെ അംഗീകരിച്ചുകൊടുക്കാനാവും? കുട്ടികളും ഇതുതന്നെ കണ്ടുപഠിക്കില്ലേ?

എല്ലാവരും ആശയക്കുഴപ്പത്തിലായി. അവസാനം വികാരിയച്ചൻ രംഗത്തുവന്നു. നമുക്ക് ടീച്ചറിനെ വിളിച്ച് പള്ളിയിൽ കുമ്പിടാതെ നില്ക്കുന്നതിന്റെ കാര്യം തിരക്കാം. എല്ലാവരും അച്ചന്റെ അഭിപ്രായത്തോട് യോജിച്ചു.

ടീച്ചർ പറഞ്ഞപ്പോഴല്ലേ കള്ളി വെളിച്ചത്തായത്! കുറച്ചുനാളായി ടീച്ചർക്ക് 'ഇയർ ബാലൻസി'ന്റെ പ്രശ്നമുണ്ട്. തല കുനിച്ചാൽ അപ്പോൾ തല കറങ്ങും. ഡോക്ടർ റെസ്റ്റ് എടുക്കാൻ പറഞ്ഞിരുന്ന സമയത്താണ് ടീച്ചർ തന്റെ ആരോഗ്യംപോലും വകവയ്ക്കാതെ 'ഗ്രെയ്സ് ഫെസ്റ്റി'നു വന്നത്. കേട്ടതു പാതി കേൾക്കാത്തതു പാതി ഹെഡ്മാസ്റ്റർ സാറിന്റെ ഇഷ്ടക്കേട് പമ്പ കടന്നുവെന്നതു മാത്രമല്ല, എത്സമ്മടീച്ചറിനെ ഏകകണ്ഠമായി മതാദ്ധ്യാപികയായി പ്രഖ്യാപിക്കുകയും ചെയ്തു.

ചില വ്യക്തികളെ, ചില ചിന്തകളെ, ചില സാഹചര്യങ്ങളെ മുൻവിധിയുടെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടുക എന്നത് നമ്മുടെ ഒരു സ്വഭാവമാണ്. അറിയാമെങ്കിലും ഇല്ലെങ്കിലും മറ്റുള്ളവരെപ്പറ്റി പറയുന്നതിൽ എന്തോ ഒരു പ്രത്യേകതരം നിർവൃതി മനുഷ്യൻ അനുഭവിക്കുന്നു. ഒരു ട്രാൻസ്ഫർ ലഭിച്ച് പുതിയ തസ്തികയിലേയ്ക്കെത്തുന്ന ഉദ്യോഗാർത്ഥിയും പുതിയ ഭവനത്തിലേക്ക് കാലെടുത്തു വയ്ക്കുന്ന മണവാട്ടിയും, സ്കൂളുകൾ മാറി പഠിക്കുന്ന വിദ്യാർത്ഥിയും ഒരു പുതിയ ദേശത്ത് പാർക്കാൻ പോകുന്ന പ്രവാസിയും മാത്രമല്ല, ഒരു വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ കഴിയുന്ന, തോളോടു തോളുരുമി ജീവിക്കുന്ന വ്യക്തികൾക്കിടയിൽപോലും നാം സൂക്ഷിക്കുന്നുണ്ട് ചില മുൻവിധികൾ. ഇവയ്ക്ക് പല വ്യക്തിജീവിതങ്ങളെയും കുടുംബജീവിതങ്ങളെയും മാത്രമല്ല, പല സംസ്കാരത്തെപ്പോലും ചിന്നഭിന്നമാക്കുവാൻ കഴിയും.

തിരുവചനം പറയുംപോലെ ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി. എന്തിനാണ് നാം ആവശ്യമില്ലാത്ത ഭാണ്ഡക്കെട്ടുകൾ ചുമന്നുകൊണ്ടു നടക്കുകയും മറ്റുള്ളവരെക്കൊണ്ട് ചുമപ്പിക്കുകയും ചെയ്യുന്നത്? ബന്ധങ്ങളുടെ അടിവേരുപോലും ക്ഷയിപ്പിച്ചു കളയുവാൻ മുൻവിധി എന്ന ഒരൊറ്റ അസ്ത്രം മതി! മുൻവിധികളുടെ മാറാപ്പുകളെ വലിച്ചെറിയുവാൻ ഞാനും നീയും ധൈര്യം കാണിച്ചാൽ അവിടെ സ്നേഹത്തിന്റെ, കരുതലിന്റെ, മനസ്സിലാക്കലിന്റെ നന്മമരങ്ങൾ പൂക്കുകതന്നെ ചെയ്യും. മറിച്ചായാൽ സത്യങ്ങൾ പലതും അസത്യങ്ങൾക്കു മുമ്പിൽ അടിയറ പറയും.

മുൻവിധിയുടെ ആത്മസുഹൃത്താണ് ബാലൻസില്ലായ്മ. ഇതു വ്യക്തികളിലും സമൂഹത്തിലും കുടുംബത്തിലും നുഴഞ്ഞുകയറി ഭയത്തിലേക്കും അമിതതീർച്ചയിലേക്കും നമ്മെ കൊണ്ടെത്തിക്കും. 'അധികമായാൽ അമൃതും വിഷം' എന്നല്ലേ ചൊല്ല്. എന്തിലും ഏതിലും ഒരു സന്തുലിതാവസ്ഥ പുലർത്തുവാൻ നമുക്കായാൽ ജീവിതം നാം പ്രതീക്ഷിക്കാത്ത അത്ര ഉയരത്തിലെത്തും.

മുൻവിധികളെ ഒഴിവാക്കുവാനും സന്തുലിതാവസ്ഥ സൂക്ഷിക്കുവാനുമുള്ള ഏക മാർഗം നമ്മുടെ നിയന്ത്രണം നിയന്താവിനെ ഭരമേല്പിക്കുക എന്നതുമാത്രമാണ്. മിശിഹായാകുന്ന അച്ചുതണ്ടിനുചുറ്റും കറങ്ങുവാൻ നാം വിട്ടുകൊടുത്താൽ പെയിന്റിന്റെ പരസ്യത്തിൽ പറയുംപോലെ എന്റെ ജീവിതത്തിൽ പറ്റിപ്പിടിച്ച 'പായലേ വിട, പൂപ്പലേ വിട, എന്നന്നേയ്ക്കും വിട' എന്ന് നമുക്കും പറയാനാവും. മറക്കാതെ മനസ്സിൽ കോറിയിടാം:

***"നിയന്താവിനെ നിയന്ത്രണമേല്പിക്കാനൊരുക്കമെങ്കിൽ***
***നിനക്കൊരിക്കലും നിലതെറ്റില്ല".***

# സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ, ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. "പിതാവ് എന്നെ അയച്ചതുപോലെ നിങ്ങളെ ഞാനും അയയ്ക്കുന്നു" എന്നു പറഞ്ഞുകൊണ്ട് ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാരുടെമേൽ നിശ്വസിച്ച് അവർക്ക് പരിശുദ്ധാരൂപിയെയും പാപമോചനാധികാരവും നൽകുന്നു (യോഹ 20,21-22). പിതാവ് തന്റെ പുത്രനായ ഈശോയെ ലോകത്തിലേക്ക് അയച്ചത് 'ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാ'യിട്ടാണ് (യോഹ 1,29). ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിതുയർത്തപ്പെട്ട സഭയും ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത് ലോകത്തിന്റെ പാപം നീക്കുന്നതിനുവേണ്ടിയാണ്. പരിശുദ്ധാരൂപി വിശുദ്ധിയുടെ അരൂപിയാണ്. അതുകൊണ്ട് സഭാസമൂഹത്തെ വിശുദ്ധിയുടെ സമൂഹമായി കെട്ടിപ്പടുക്കുവാനും അപ്രകാരം ലോകത്തിന്റെ പാപം നീക്കുന്ന കൂദാശയായി സഭയെ രൂപപ്പെടുത്തുവാനും നമുക്കു കഴിയണം. ശ്ലൈഹികശുശ്രൂഷയായ പൗരോഹിത്യശുശ്രൂഷ നിർവ്വഹിക്കുന്ന നമുക്ക് ഈ ശ്ലീഹാക്കാലത്തിൽ നമ്മുടെ സമൂഹങ്ങളെയെല്ലാം നമ്മുടെ അജപാലനശുശ്രൂഷയിലൂടെ വിശുദ്ധിയുടെ പ്രേഷിതസമൂഹങ്ങളായി കെട്ടിപ്പടുക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കാം.

പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**സ്ഥാപകഡയറക്ടർ**

## സെനക്കിൾ വാർത്തകൾ

2023 മേയ് 8, 9 തീയതികളിൽ മാങ്ങാനം, സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ മീറ്റിംഗ് നടത്തുകയുണ്ടായി. മേയ് 9-ാം തീയതി രാവിലെ അർപ്പിച്ച വിശുദ്ധ കുർബാന മധ്യേ സൊദാലെസ് വൈദികർ അവരുടെ വ്രതനവീകരണം നടത്തുകയുണ്ടായി. വ്രതനവീകരണപശ്ചാത്തലത്തിൽ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ സഭാജീവിതവും സമർപ്പണജീവിതവും തമ്മിലുള്ള ബന്ധം വ്യക്തമാക്കി ധ്യാനപ്രസംഗം നടത്തുകയുണ്ടായി. അന്ന് സ്ഥലത്തെത്തി വ്രതനവീകരണം നടത്താൻ സാധിക്കാത്തവർക്ക് വ്രതനവീകരണ ഫോർമുല അയച്ചുകൊടുത്ത് വ്യക്തിപരമായി വ്രതനവീകരണം നടത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു.



# വിദ്യാഭ്യാസം മാത്രം മതിയോ?




റെനി പുത്തേട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഉ**യർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥരായിരുന്നു അവർ ഇരുവരും. ഈ മാതാപിതാക്കൾ എന്റെയടുത്തു വന്നത് ഇരുപത്തെട്ടുവയസ്സുള്ള തങ്ങളുടെ മകനെക്കുറിച്ചു സംസാരിക്കാനാണ്. ഒരു ഡോക്ടറേറ്റും ഒന്നിലേറെ പി.ജി.യുമുള്ള ആ മകൻ ജീവിതത്തിൽ മുന്നോട്ടു പോകുവാൻ അമ്പേ പരാജയപ്പെടുന്നു.

എന്നെ സമീപിച്ചതിന്റെ ഉദ്ദേശം തങ്ങളുടെ മകന് എങ്ങനെ ഒരു സാധാരണ ജീവിതം നയിക്കാനാവും എന്ന് ആരായാനാണ്. അവന്റെ ചെറുപ്പകാലത്തെക്കുറിച്ച് കാര്യമായിത്തന്നെ ചോദിച്ചറിയാൻ ഞാൻ ശ്രമിച്ചു.

ഈ യുവാവ് എല്ലാ ക്ലാസ്സിലും ഒന്നാമനായി ജയിച്ചവനാണ്. അവനെക്കുറിച്ച് അവന്റെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും അവനെ അറിയാമായിരുന്നവർക്കും വളരെ വലിയ പ്രതീക്ഷകളും കാഴ്ചപ്പാടുകളുമാണ് ഉണ്ടായിരുന്നത്. എന്നാൽ കോളേജ് വിദ്യാഭ്യാസകാലത്ത് പഠനത്തേക്കാൾ മറ്റു പല കാര്യങ്ങൾക്കും പ്രാധാന്യം കൊടുത്തതുകൊണ്ട് ആരും പ്രതീക്ഷിക്കാത്ത രീതിയിൽ അവസാന പരീക്ഷയ്ക്ക് അവൻ പരാജയപ്പെട്ടു. ഈ പരാജയം അവനും

പ്രതീക്ഷിച്ചിരുന്നില്ല. അത് അവനെ വല്ലാതെ തളർത്തി. എന്നാൽ ഇതേപ്പറ്റി മറ്റാരോടും അവൻ സംസാരിച്ചില്ല. അത് മനസ്സിന്റെ വിങ്ങലായി അവൻ കൊണ്ടുനടന്നു. പരാജയത്തെ അവൻ സ്വീകരിച്ചു എന്ന് മാതാപിതാക്കളും മറ്റുള്ളവരും കരുതി.

എന്നാൽ യാഥാർത്ഥ്യം അതായിരുന്നില്ല. പിന്നീടുള്ള അവന്റെ ജീവിതയാത്രയിൽ, താൻ ഒരു പരാജയമാണെന്നും താൻ എന്തു ചെയ്താലും പരാജയപ്പെടുകയേ ഉള്ളൂ എന്നും അവൻ ചിന്തിക്കാൻ തുടങ്ങി. എന്നാൽ പിന്നീട് വിദ്യാഭ്യാസരംഗത്ത് തനിക്ക് ഇഷ്ടമുള്ള എല്ലാ വിഷയങ്ങളും പഠിക്കാനുള്ള ഒരു വലിയ തത്രപ്പാട് അവൻ നടത്തി. പല വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ഒരു വിഷയത്തിൽ ഡോക്ടറേറ്റും അവൻ സമ്പാദിച്ചു. പക്ഷേ പ്രായോഗികജീവിതത്തിൽ വിജയിക്കാൻ ഇവ അവന് ഉപകരിച്ചില്ല.

എന്തായിരിക്കും ഇതിന്റെ പിന്നിൽ... ഒരു വലിയ സത്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ചെറുപ്പത്തിൽ നമ്മുടെ കുഞ്ഞുങ്ങളെ വിജയിക്കാൻ മാത്രമല്ല, തോൽവികൾ ഏറ്റെടുക്കാനും നാം പഠിപ്പിക്കണം. ഏതെങ്കിലും മേഖലകളിൽ തോൽവികളുണ്ടാകുമ്പോൾ അവ ജീവിതത്തിൽ വിജയിക്കാനുള്ള ചവിട്ടുപടിയാണെന്ന ബോധ്യം അവർക്കു നല്കണം. കയ്യടികൾമാത്രം കിട്ടി വളർന്ന ഈ യുവാവിന് നേരിടേണ്ടി വന്ന ഒരു പരാജയം പിന്നീടുള്ള അവന്റെ ജീവിതം മുഴുവൻ താറുമാറാക്കുകയായിരുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസം കൊടുക്കുന്നതുവഴി എല്ലാമായി എന്നു നാം വിചാരിക്കുന്നു. എന്നാൽ യാഥാർത്ഥ്യം അതല്ല; നമ്മുടെ കുഞ്ഞുങ്ങളെ ജീവിക്കാൻ, ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാൻ നാം പഠിപ്പിച്ചേ തീരൂ.

സാധാരണഗതിയിൽ ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ ജീവിതത്തിലെ ഇരുപതോ ഇരുപത്തിമൂന്നോ വയസ്സുവരെമാത്രമാണ് വിദ്യാഭ്യാസത്തിനായി ചിലവഴിക്കുന്നത്. തുടർന്നുവരുന്ന വർഷങ്ങളെല്ലാം തങ്ങൾ നേടിയെടുത്ത അറിവുകളിലൂടെ ജീവിതം കെട്ടിപ്പടുക്കാനുള്ളതാണ്. ചെറുപ്പത്തിൽ ലഭിച്ച അടിസ്ഥാനത്തിൽ അത് ഓരോ വ്യക്തിയും കെട്ടിപ്പടുക്കേണ്ടതുണ്ട്.

തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസം, ഉയർന്ന ശമ്പളമുള്ള ജോലി തുടങ്ങിയവയൊക്കെ ലഭ്യമായാൽ എല്ലാമായി എന്നാണ് പല മാതാപിതാക്കളും ചിന്തിക്കുന്നത്. എന്നാൽ യാഥാർത്ഥ്യം എന്താണ്? നമ്മുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസകാലംതൊട്ടേ ലഭിക്കേണ്ടത് ഒരു സമഗ്രവളർച്ചയാണ്. അതായത് ബൗദ്ധികമായിമാത്രമല്ല, സാംസ്കാരികമായും വൈകാരികതലത്തിലുമൊക്കെ പക്വതയുള്ളവരായി അവരെ വളർത്തിയില്ലെങ്കിൽ പിന്നീട് വലിയ വില കൊടുക്കേണ്ടിവരും. നമ്മുടെ കുഞ്ഞുങ്ങളെ ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തി വളർത്തിയില്ലെങ്കിൽ അനുദിന ജീവിതത്തിലുണ്ടാകുന്ന വ്യത്യസ്തമായ അനുഭവങ്ങളിൽ അവർ പതറിവീഴും. കുഞ്ഞുങ്ങൾക്ക് അറിവും നെറിവും കൊടുത്തു വളർത്താനുള്ള കൃപ ദൈവത്തോടു യാചിക്കണം. ഇല്ലെങ്കിൽ പറ്റിയ അബദ്ധത്തെയോർത്ത് പിന്നീട് ദുഃഖിക്കേണ്ടിവരും.

വിദ്യാഭ്യാസകാലം വളരെ വിജയകരമായി പൂർത്തിയാക്കിയ പലരും പിന്നീടുള്ള ജീവിതത്തിൽ പരാജയപ്പെടുന്നു. ഈ കാലഘട്ടത്തിൽ നമ്മൾ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണിത്. നമുക്ക് എവിടെയാണു തെറ്റുപറ്റിയത്? ഉന്നതവിദ്യാഭ്യാസംകൊണ്ട് എല്ലാമായോ? ഒരിക്കലും ഇല്ല. ഇതല്ലേ ഇത്തരക്കാരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്... കുഞ്ഞുങ്ങളെ നമ്മുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമൊക്കെ അറിയിച്ചുതന്നെ വളർത്താം. ഇന്നു നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസവും ജീവിതാനുഭവങ്ങളും നാളെ ഒരു നല്ല ജീവിതം, സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാകുന്ന ഒരു ജീവിതം, നയിക്കാൻ അവരെ പ്രാപ്തരാക്കുന്നതാകട്ടെ.



# ജീവിക്കുന്ന വിശ്വാസം

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മരണം കാത്തുകിടക്കുന്ന ഒരു വന്ദ്യവയോധികയെ കാണാൻ ചെന്നപ്പോൾ അവരുടെ ജീവിതത്തിലെ വലിയ രണ്ട് ആഗ്രഹങ്ങളെക്കുറിച്ചു പറഞ്ഞു: ഭർത്താവ് കിടന്നുമരിച്ച അതേ കട്ടിലിൽ കിടന്നു മരിക്കണം; ഇളയമകന്റെ മദ്യപാനം മാറണം. മദ്യപാനിയായ ഇളയമകൻ വീട്ടിൽനിന്ന് ഇറക്കിവിട്ടതിനാൽ ആദ്യത്തെ ആഗ്രഹവും സഫലമാകില്ല എന്ന് ഉറപ്പായിരുന്നു. എങ്കിലും ഒരു പരാതിയോ പരിഭവമോ അവർ പറഞ്ഞിരുന്നില്ല എന്നത് ആ ജീവിതത്തിന്റെ കുലീനത. ഒഴുകിയിറങ്ങിയ കണ്ണീരിനെ മറയ്ക്കാൻ ശ്രമിച്ചുകൊണ്ട് അവർ പറഞ്ഞു: കഴിഞ്ഞ തവണത്തെ 'പ്രതീക്ഷയുടെ പൂമൊട്ടുകൾ' കിട്ടിയില്ല കേട്ടോ.

മരിക്കുന്ന സമയത്തും അവരുടെ കൈയെത്തും ദൂരത്ത് 'പ്രതീക്ഷയുടെ പൂമൊട്ടുകൾ' ഉണ്ടായിരുന്നു എന്നത് നന്ദിയോടെ ഓർക്കുന്നു. ജീവിതത്തിലെ ന്യായമായ ആഗ്രഹങ്ങൾ ഒന്നും സഫലമാകാതിരുന്നപ്പോഴും വിശ്വാസവും പ്രതീക്ഷയും ഉപേക്ഷിക്കാതെ സന്തോഷ ത്തോടെ ജീവിച്ചു എന്നതായിരുന്നു അവരെ വേറിട്ട വ്യക്തിയാക്കിയത്. സങ്കടത്തിന്റെ കടലിൽ കർത്താവിന്റെ കരം പിടിച്ചുകൊണ്ട് അവർ നിവർന്നുനിന്നു; എന്നിട്ട് മുങ്ങിത്താഴാൻ തുടങ്ങിയ

വർക്ക് തന്റെ കൈ നീട്ടി നല്കി. 'എന്തേ ദൈവമേ' എന്നു ചോദിക്കാതെ ജീവിതാനുഭവങ്ങളെ സ്വീകരിച്ചിരുന്ന അവരുടെ ജീവിതം മറ്റുള്ളവർക്ക് ഒരു മാതൃകയായിരുന്നു.

തലമുറ തലമുറയിലേക്ക് കൈമാറപ്പെട്ടപ്പോൾ എവിടെയോ അറിയാതെ ചോർന്നുപോയ വിശ്വാസത്തിന്റെ ഒരു മനോഹര കണിക ഇവിടെ കാണാനാവും. ദൈവപദ്ധതിപ്രകാരം വന്നു ചേരുന്ന ചെറുതും വലുതുമായ നൊമ്പരങ്ങളിലും സഹനങ്ങളിലും, മാത്രമല്ല സ്വന്തം കയ്യിലിരിപ്പുകൊണ്ടു വരുന്ന സഹനങ്ങളിലും, ദൈവത്തെ കുറ്റപ്പെടുത്തുകയും പ്രാർത്ഥന നിർത്തുകയും ചെയ്യുന്ന യുവതലമുറയുടെ യാത്ര ഒരല്പം വേദനയുളവാക്കുന്നതാണ്.

വീട്ടിലും പിന്നീട് പന്ത്രണ്ടു വർഷം സ്കൂളിലുമായി പരിശീലിപ്പിക്കപ്പെട്ട വിശ്വാസത്തിനു ഹൃദയത്തിൽ സ്ഥാനമില്ലാതായോ എന്നതു ചോദ്യചിഹ്നമാണ്. വലിയ ആഗ്രഹങ്ങളൊന്നും മനസ്സിൽ സൂക്ഷിക്കാതിരുന്ന പഴയതലമുറയ്ക്ക് തങ്ങളുടെ ഉള്ള ആഗ്രഹങ്ങളൊന്നും സഫലമായില്ലെങ്കിൽപോലും സന്തോഷത്തോടെ ജീവിക്കാനും ദൈവത്തോടു ചേർന്നുനില്ക്കാനും കഴിഞ്ഞിരുന്നു എന്നതു വ്യക്തമാണ്. ജീവിതത്തിലെ കടുത്ത പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാതെ പ്രതീക്ഷയോടെ വ്യാപരിക്കുവാൻ അവരെ പഠിപ്പിച്ചത് ഈ വിശ്വാസംതന്നെയാണ്.

വിശ്വാസം ദൈവത്തിന്റെ വലിയ ഒരു ദാനമാണ്. 'ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ' എന്നു പ്രാർത്ഥിച്ച ശ്ലീഹന്മാരെപ്പോലെ നമുക്കും വിശ്വാസത്തിലുള്ള വളർച്ചയ്ക്കായി പ്രാർത്ഥിക്കാം. ആത്മധൈര്യം ചോർന്നുപോകുമ്പോൾ, എല്ലാം നഷ്ടപ്പെട്ടുവെന്നു തോന്നുമ്പോൾ, പരിശുദ്ധ അമ്മയോടുചേർന്ന് പ്രാർത്ഥിച്ച ശ്ലീഹന്മാരെപ്പോലെ പരിശുദ്ധാത്മശക്തിയ്ക്കായി ആത്മാർത്ഥമായി നമുക്കും പ്രാർത്ഥിക്കാം.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

## ശ്ലീഹാക്കാലം

ഉയിർപ്പുഞായറിനുശേഷം 50-ാം ദിവസം വരുന്ന പന്തക്കുസ്താ തിരുനാളിനോടുകൂടി ശ്ലീഹാക്കാലം ആരംഭിക്കുന്നു. പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവരികയും, ഭയത്തിലും നിരാശയിലും കഴിഞ്ഞിരുന്ന അവരെ ധൈര്യപ്പെടുത്തുകയും ചെയ്തു. പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് മിശിഹായുടെ പ്രേഷിതരായി ലോകം മുഴുവനും പ്രസംഗിച്ച ശ്ലീഹന്മാരുടെ മാതൃകയാണ് ശ്ലീഹാക്കാലത്തിൽ തിരുസഭാമാതാവ് നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്.





## ശ്ലീഹാക്കാലം

നാം പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ്. ദൈവാത്മാവിനു ചേർന്ന വിധത്തിൽ ആത്മാവിന്റെ പ്രചോദനങ്ങൾക്കനുസരിച്ച് ജീവിതം നയിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ഒരു പുതിയ ഹൃദയത്തോടെ, ഒരു പുതിയ ചൈതന്യത്തോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നവരാകേണ്ടവരാണ് ക്രൈസ്തവർ. പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളോട് തുറവിയും വിധേയത്വവുമുള്ള ഒരു മനസ്സ് നാം രൂപപ്പെടുത്തണം.

## ശ്ലീഹാക്കാലം

രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമായി അയയ്ക്കപ്പെട്ട അരൂപിയുടെ പ്രവർത്തനത്തിലൂടെ ശ്ലീഹന്മാർ സുവിശേഷപ്രഘോഷണം നടത്തിയതുവഴി അക്രൈസ്തവസമൂഹം മാമ്മോദീസാ സ്വീകരിച്ച് വിശ്വാസികളുടെ സമൂഹമായിത്തീർന്നു. ബാബേലിൽ ഭാഷ ചിതറിക്കപ്പെട്ടുവെങ്കിൽ ജറുസലേമിൽ വിവിധ ഭാഷാജ്ഞാനം നല്കിക്കൊണ്ട് എല്ലാ ജനതകളെയും ദൈവം ഐക്യപ്പെടുത്തി. ഇപ്പോഴും ഭാഷ, ജാതി, മതം, വർണ്ണം എന്നിവയുടെ പേരിൽ കലഹം തുടരുന്നത് മനുഷ്യന്റെ സങ്കുചിതമനഃസ്ഥിതി ഒന്നുകൊണ്ടു മാത്രമാണ്.





## ശ്ലീഹാക്കാലം

പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവ പ്രമാണങ്ങളുടെ വഴിയിലൂടെ നിരന്തരം നട ക്കുവാനും അവിടുന്നു ദാനമായി നല്കിയ വിശ്വാസത്തെ ആത്മാർത്ഥമായി സ്നേഹിക്കു കയും വിലമതിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തീയ മനഃസാക്ഷിയോടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും വ്യാപരിക്കുവാനും തിരു സഭയുടെ പഠനങ്ങൾ ജീവിതത്തിൽ പകർത്തി ദൈവാധിഷ്ഠിതമായ ജീവിതം നയിക്കുവാനും ശ്ലീഹാക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.



## ശ്ലീഹാക്കാലം

പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെ മിശിഹാ യുടെ പൗരോഹിത്യത്തിൽ പൂർണ്ണമായി പങ്കുപറ്റി ക്കൊണ്ട് ശ്ലീഹന്മാരെല്ലാവരും ഒരു പുരോഹിതഗ ണമായിത്തീർന്നു. പുതിയനിയമത്തിലെ ആദ്യത്തെ സഭാശ്രേഷ്ഠന്മാരായ അവർ വിവിധ സ്ഥലങ്ങളിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. ഡീക്കൻ, പുരോഹിതൻ, മെത്രാൻ എന്നിങ്ങനെ സഭയിൽ പൗരോഹിത്യ ത്തിന്റെ വിവിധ പദവികൾ നിശ്ചയിക്കപ്പെട്ടു.



## ശ്ലീഹാക്കാലം

''ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നല്കും. ആരംഭം മുതൽ എന്നോടുകൂടെയുള്ളവരാ യതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും''

(യോഹ 15,26-27).



# ട്രാക്ക് തെറ്റി ഓടിയാൽ

**ഷിനി തെരേസ് മുതുപ്ലാക്കൽ**

"**ഞാ**നാണ് ഓട്ടമത്സരത്തിൽ ഇന്ന് ആദ്യം ഓടിയെത്തിയത്. എന്നിട്ട് ഫസ്റ്റും സെക്കന്റു മെല്ലാം പുറകേ വന്നവർക്ക് കൊടുത്തു". കലാസാംസ്കാരികമേളയിൽ പങ്കെടുക്കാൻ പോയ മനു വല്ലാത്ത ദേഷ്യത്തിലാണ് വന്നു കയറിയത്.

"എന്തെങ്കിലും കാര്യം കാണും. അല്ലെങ്കിൽപ്പിന്നെ അവരങ്ങനെ ചെയ്യുമോ മനുക്കുട്ടാ" പപ്പയുടേതാണ് വിശദീകരണം.

"ഞാൻ ട്രാക്ക് മാറിയാണ് ഓടിയതത്രേ".

"അപ്പോൾ തെറ്റുവരുത്തിയത് നീ തന്നെയാ. സമ്മാനം കിട്ടാത്തതിന് വേറെ ആരെയും പഴിച്ചിട്ടു കാര്യമില്ല."

"ഒരിത്തിരി നേരത്തുമാത്രമേ ഞാൻ ട്രാക്ക് തെറ്റിച്ചുള്ളൂ".

"ഇത്തിരിയായാലും ഒത്തിരിയായാലും തെറ്റ് തെറ്റുതന്നെയാ മോനേ. ജീവിതത്തിലും ഇതു ബാധകമാ. ചെറിയ ചെറിയ തെറ്റുകളാ പലപ്പോഴും വലിയ തിന്മകളിലേക്കു നയിക്കു ന്നത്. അരുതാത്ത എന്തെല്ലാം വാർത്തകളാ ദിവസവും കേൾക്കുന്നത്...! ഇന്നത്തെ പത്രം നീ വായിച്ചായിരുന്നോ? ഇതൊന്നു വായിച്ചേ...". ദിനപത്രത്തിലെ ഒരു വാർത്ത ചൂണ്ടിക്കാട്ടി മനു വിനോടു പപ്പ പറഞ്ഞു.

മനു ഉറക്കെത്തന്നെ വായിച്ചു: "സമൂഹമാധ്യമങ്ങൾവഴി പങ്കാളികളെ പരസ്പരം കൈമാറ്റം ചെയ്തെന്ന കേസിൽ പരാതിക്കാരിയായ യുവതിയെ വീട്ടിൽ വെട്ടേറ്റു കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. പ്രതിയെന്നു സംശയിക്കപ്പെടുന്ന ഭർത്താവ് 'കപ്പിൾസ് മീറ്റ്' എന്ന ഓമനപ്പേരിലറി യപ്പെടുന്ന സ്വാപ്പിംഗ് ഗ്രൂപ്പുകളിൽ സജീവമായിരുന്നു. ഇതിനെതിരേ കൊല്ലപ്പെട്ട യുവതി നല്കിയ പരാതിയിൽ ഭർത്താവ് ഉൾപ്പെടെ ആറുപേർ നേരത്തെ അറസ്റ്റിലായിരുന്നു. അതിന്റെ വൈരാഗ്യത്തിലാണത്രേ ജാമ്യത്തിലിറങ്ങിയ ഭർത്താവ് യുവതിയെ വെട്ടിക്കൊലപ്പെടുത്തിയത്".

“ധാർമ്മികതയുടെ ട്രാക്ക് തെറ്റിച്ചോടിയതിന്റെ ദുരന്തഫലമാണിത്...” പപ്പ തുടർന്നു. “ഇവിടെ, ധാർമ്മികജീവിതത്തിന്റെ അധഃപതനം മറ്റൊരാളുടെ ജീവൻതന്നെ നശിപ്പിക്കുന്നതിനിടയാക്കി. അധാർമ്മികതയെല്ലാം ഒരു വ്യക്തിയെ മാത്രമല്ല, കുടുംബങ്ങളെയും സമൂഹത്തെ മുഴുവനെയുമാണ് നശിപ്പിക്കുന്നത്.

ഒരു അദ്ധ്യാപകൻ ട്രാക്കു തെറ്റിയോടിയതിന്റെ ഫലമാണ് കഴിഞ്ഞ ദിവസങ്ങളിൽ കണ്ടത്. മയക്കുമരുന്നിന് അടിമയായി തനിക്ക് ഒരു തെറ്റും ചെയ്യാത്ത യുവഡോക്ടറെയാണ് അയാൾ കൊന്നത്. എത്രയൊക്കെ ഉപദേശിച്ചാലും മയക്കുമരുന്നിന്റെ ഊരാക്കുടുക്കിലേക്ക് സ്വയം വിട്ടുകൊടുക്കുന്ന എത്രയോ യുവജനങ്ങളുണ്ട്...! കുഞ്ഞുങ്ങളെയുൾപ്പെടെ മനഃപൂർവം ഇതിലേക്ക് വലിച്ചിഴയ്ക്കുന്ന ക്രൂരമായ മനസ്സുള്ളവർ... സ്വയം നശിക്കുന്നതോടൊപ്പം സമൂഹത്തെയും നശിപ്പിക്കാൻ കച്ച കെട്ടിയിറങ്ങിയിരിക്കുന്നവർ... സാമ്പത്തികനേട്ടങ്ങൾക്കും സുഖത്തിനുമായി സ്വന്തം ചോരയെപ്പോലും വഞ്ചിക്കാനും ഒറ്റുകൊടുക്കാനും മടിയില്ലാത്തവർ... ട്രാക്കു തെറ്റിയോടുന്നവരിൽ പലരും ലോകദൃഷ്ടിയിൽ ഉന്നതരായി കാണപ്പെട്ടാലും ദൈവതിരുമുമ്പിൽ അവർ സമ്മാനത്തിനർഹരല്ല”.

“ഞാനിതിനൊന്നും പോകുന്നില്ലല്ലോ പപ്പാ...” പതുക്കെ സ്ഥലം കാലിയാക്കാൻ ശ്രമിച്ചുകൊണ്ട് മനു പറഞ്ഞു.

“തെറ്റു ചെയ്യുന്നില്ല എന്നതിൽ ഒതുങ്ങിനിന്നാൽ മതിയോ? സമൂഹത്തിൽ നടക്കുന്നതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നമല്ല എന്നു കരുതുന്നതും തെറ്റുതന്നെയാ. നമ്മൾ ശരിയായ ട്രാക്കിലാണ് ഓടുന്നത് എന്നുറപ്പുവരുത്തുകയും തെറ്റിപ്പോകുന്നവരെ ശരിയായ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയും വേണം. ”. ഇതിൽക്കൂടുതലെന്തെങ്കിലും പറഞ്ഞാൽ മനുവിന്റെ ക്ഷമയുടെ ട്രാക്ക് തെറ്റും എന്നു തോന്നിയിട്ടാണോ ആവോ, ഇത്രയും പറഞ്ഞു പപ്പ നിർത്തി...

ശരിയായ വിശ്വാസജീവിതം നയിച്ചാൽ ആർക്കും വഴിതെറ്റില്ല. ഉത്ഥിതനീശോയുടെ പ്രത്യക്ഷീകരണത്തിനുശേഷവും വിശ്വാസത്തിൽ ഉറയ്ക്കാത്ത ശ്ലീഹന്മാർ, തങ്ങളുടെ വിളി മറന്ന്, ഈശോ പറഞ്ഞതും പഠിപ്പിച്ചതുമെല്ലാം മറന്നിട്ടെന്നപോലെയാണ് പ്രവർത്തിച്ചത്; മൂന്നാണ്ടുമുമ്പ് ഉപേക്ഷിച്ച വള്ളവും വലയുമെടുത്ത് അവർ വെള്ളത്തിലേക്കിറങ്ങിയത് അതിനുദാഹരണമാണ്. അകന്നുപോയവരെ അടുത്തേക്കു വിളിച്ച് അന്നമൂട്ടി അന്നീശോ ചോദിച്ചത് ഇന്ന് നമ്മോടും അവിടന്ന് ആവർത്തിക്കുന്നുണ്ട്: ‘നീ എന്നെ സ്നേഹിക്കുന്നുവോ?’ (യോഹ 21,1-19). ഇതിന് ആത്മാർത്ഥമായി ഉത്തരം പറയേണ്ടത് ജീവിതംകൊണ്ടാണ്. അവിടന്ന് കാണിച്ചുതന്ന പാതയിലൂടെയാണ് ചരിക്കുന്നതെങ്കിൽ ഉത്തരം ക്രിയാത്മകംതന്നെ!

വഴിതെറ്റാതെ ജീവിക്കണമെങ്കിൽ പരിശുദ്ധാത്മസഹായം തീർച്ചയായും ആവശ്യമാണ്. ‘മരിക്കേണ്ടിവന്നാലും നിന്നെ ഞാൻ ഉപേക്ഷിക്കുകയില്ല’ എന്ന പത്രോസിന്റെ ഉറപ്പിന് മണിക്കൂറുകളുടെ ആയുസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ‘നീ എന്നെ സ്നേഹിക്കുന്നോ?’ എന്ന ആവർത്തിച്ചുള്ള ചോദ്യത്തിനുമുമ്പിൽ പതറിയ പത്രോസിന്റെ മറുപടി, ദൈവത്തെ സ്നേഹിക്കാനുള്ള അവന്റെ അദമ്യമായ ആഗ്രഹത്തിന്റെയും അതോടൊപ്പം സ്വന്തം ബലഹീനതയെക്കുറിച്ചുള്ള അവബോധത്തിന്റെയും ആഴം വ്യക്തമാക്കുന്നതായിരുന്നു: “കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു” (യോഹ 21,17). ഇവിടെയാണ് ദൈവാത്മാവ് ശക്തിയായി കടന്നുവരുന്നത്. ഉത്ഥിതന്റെ പ്രത്യക്ഷീകരണത്തിനുശേഷവും വഴിമാറി സഞ്ചരിച്ച ശ്ലീഹന്മാർക്ക് പന്തക്കുസ്താനുഭവം നല്കിയ മാറ്റം സ്ഥായിയായതായിരുന്നു. വഴിയായ ഈശോയെ (യോഹ 14,6) വഴിതെറ്റാതെ പിന്തുടരാൻ വഴികാട്ടിയായി എന്നും കൂടെയുള്ള പരിശുദ്ധ റൂഹായാൽ നയിക്കപ്പെടാൻ നമുക്കാഗ്രഹിച്ചു പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ജെസ്മി പാണ്ടിക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകം മുഴുവനും സുവിശേഷം അറിയിക്കുവാനായി പോയ ശ്ലീഹന്മാരെപ്പോലെ വചനത്തിനു സാക്ഷ്യം വഹിക്കുവാനുള്ള കൃപയ്ക്കായി പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: സഭയുടെ ശിരസ്സായ മിശിഹായോടു ചേർന്നുനിന്നുകൊണ്ട് വിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ ഊർജസ്വലരായ മിശിഹാനുയായികളാകുവാൻ ഞങ്ങൾ പ്രാപ്തരാകുവാനുള്ള കൃപയ്ക്കായി പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: അരൂപിയുടെ വരദാനഫലങ്ങളാൽ നിറയപ്പെട്ട് ഓരോ കൂദാശകളും ഏറ്റവും യോഗ്യതയോടെ പരികർമ്മം ചെയ്യുന്നവരായി മാറുവാനുള്ള അനുഗ്രഹം ലഭിക്കാനായി പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: അരൂപിയാൽ നിറയപ്പെടുവാൻ പ്രാർത്ഥന ആവശ്യമാണെന്ന് പഠിപ്പിച്ച പരിശുദ്ധ അമ്മേ, ഞങ്ങളും ഏതു കാര്യങ്ങളിലും അങ്ങേ പുത്രനോട് പ്രാർത്ഥിച്ചുകൊണ്ട് ജീവിക്കുന്നവരായി മാറുവാനുള്ള കൃപ ലഭിക്കാനായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: ഈശോയുടെ സാക്ഷികളാകുവാനുള്ള ധൈര്യം പരിശുദ്ധാത്മാവുവഴി നൽകപ്പെട്ടപ്പോൾ എല്ലാ പ്രതിബന്ധങ്ങളെയും ശിഷ്യന്മാർ അതിജീവിച്ചതുപോലെ, ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ ധൈര്യപൂർവ്വം നേരിടുവാനുള്ള കൃപയ്ക്കായി പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“പരിശുദ്ധാത്മാവിനാൽ പൂരിതരായ
ശ്ലീഹന്മാരെ സുവിശേഷം പ്രസംഗിക്കാൻ
നിയോഗിച്ച കർത്താവേ,
ഉത്ഥിതനായ നിന്നെ അനുഭവിച്ചറിയുന്നതിനും
രക്ഷയുടെ സുവിശേഷം
ലോകമെങ്ങും പ്രഘോഷിക്കുന്നതിനും
ഞങ്ങളെ അനുഗ്രഹിക്കണമേ.
എല്ലാ മനുഷ്യരും നിന്നെ രക്ഷകനായി
ഏറ്റുപറഞ്ഞു മഹത്ത്വപ്പെടുത്തുന്നതിന്
ഇടയാക്കണമേ”
(സീറോമലബാർ റാസക്രമം-ശ്ലീഹാക്കാലം)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th May 2023

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"പ്രാണഭയാവൃതനായി
കേപ്പായന്നൊരുനാൾ
ഗുരുവിനെ നിരസിച്ചു
റൂഹാ ശക്തിപകർന്നപ്പോൾ
അവനുദ്ഘോഷിച്ചതിധീരം
ഈശോമിശിഹാ കർത്താവാം
വളരെ ജനങ്ങൾക്കവനന്നാൾ
വിശ്വാസം - നല്കാനിടയായി"
(ശ്ലീഹാക്കാലം, ഞായർ-എന്ദാനാ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal